Article 19 Clerics are forbidden to exercise by themselves or through another any business or trade whether for their own benefit or for that of another, except with the permission of the eparchial bishop or major superior (CCEO 358 § 2).

Article 20 Clerics are not to leave their eparchy for more than a week without the permission of the local hierarch. In case of an absence for more than three days the eparchial curia shall be informed. The same applies also in the case of absence from the place of work (CCEO 386 §1).

Article 21 The clerical dress shall be cassock. On travel and informal occasions trousers and light coloured shirt with a cross or pants and light coloured *kurta* with a cross could be worn as causal wear (CCEO 387).

Article 22 § 1. Every eparchy shall have its own Priests' Welfare Organization with approved statutes that provide for the social security including ample provisions for

www.malankaralibrary.com



individual care and nursing in their invalid state or old age and medical assistance of its priests. All priests ascribed to the eparchy shall contribute to the welfare fund of the above-said organization according to the norms specified in the statutes (CCEO 1021 §2, 2,390 §2, 297 §2).

§ 2. In keeping with the age-old tradition of the Syro-Malabar Major Archiepiscopal Church, before receiving major orders, clerics shall register the document of their 'patrimony' if eparchial norms demand it.

Article 23 Priests not ascribed to the eparchy but serving the eparchy have the right for medical assistance as per contract during their service in the eparchy.

Article 24 Priests have the right for an annual vacation of 30 days with allowance. The arrangement for their substitute must be done in collaboration with the eparchial curia. With regard to the time of their vacation, however they have to get prior approval of the local hierarch. The allowance of the substitute shall be paid from the parish.

Article 25 § 1. Taking into account the long standing practice and the present exigencies of the Syro-Malabar Major Archiepiscopal Church the following are the norms for the appointment and transfer of priests from parishes and offices.

§ 2. One shall be appointed parish priest only after five years since his priestly ordination.

§ 3. Parish priests shall be appointed for a period not less than three years which could be further renewed or extended at the discretion of the eparchial bishop. He continues in office, however, until he receives the order for renewal, extension or transfer (CCEO 1388, 284 § § 2-4)

www.malankaralibrary.com



Article 26 The Eparchial Finance Officer is to be appointed by the eparchial bishop for three years; but when period has expired he may be appointed for further terms of three years (CCEO 162 §2).

Article 27 Transfer of a parish priest before the completion of the term assigned shall be effected only after hearing the person concerned and if necessary in consultation with two parish priests according to the norms of CCEO 1399 §1.

Article 28 Confidential intimation regarding the order of appointment or transfer is to be served at least two weeks in advance of the date of order except in case of necessity to be determined by the local hierarch in consultation with at least two members of the college of eparchial consultors.

Article 29 If a priest in office requests a transfer before the completion of the term of office the eparchial bishop decides on it taking into account the reasons for the request and the good of the Church.

Article 30 The eparchial bishop is competent to grant permission to a cleric for licit transfer to an eparchy of another Church *sui iuris* (CCEO 365 §2).

Article 31 A cleric takes possession of his office as per eparchial norms with due regard for the norms on Major Archbishop, Metropolitan and Bishops (CCEO 288).

Article 32 Parish Priests are bound to celebrate the Holy Qurbana for the people entrusted to their care (*Divinam Liturgiam pro populo*) on ten days specified in the eparchial norms. This obligation cannot be fulfilled by binated Holy Qurbanas (CCEO 294).

www.malankaralibrary.com



# സീറോ മലബാർ സഭയുടെ പുതിയ ആസ്ഥാനമന്ദിരത്തിന്റെ ഉത്ഘാടനത്തോടനുബന്ധിച്ച് വൈദികമേലദ്ധ്യക്ഷന്മാരുടെ സംയുക്ത ഇടയലേഖനം

വന്ദ്യസഹോദരരേ, വത്സലമക്കളേ,

ഏറെ സന്തോഷകരമായ ഒരു വാർത്ത നിങ്ങളേവരെയും അറിയിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. സീറോ മലബാർ സഭയ്ക്ക് പൊതുവായൊരു ആസ്ഥാനം "മൗണ്ട് സെന്റ് തോമസ്" എന്ന പേരിൽ എറണാകുളം പട്ടണത്തിൽനിന്ന് അധികം അകലെയല്ലാതെ കാക്കനാടിനടുത്ത് തയ്യാറായി വരുന്നത് നിങ്ങൾക്ക് അറിവുള്ളതാണല്ലോ. അതിന്റെ ഔദ്യോഗികമായ ഉത്ഘാടനം വരുന്ന ജൂലൈ മൂന്നാം തീയതി നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുന്നാളിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. സഭയ്ക്ക് ഇപ്രകാരം ഒരു ആസ്ഥാനം ഉണ്ടാവുകയെന്നത് നാമെല്ലാവരുടെയും ഒരു ചിരകാലസ്വപ്നമായിരുന്നു. 1992 മുതൽ 1995 വരെ നമ്മുടെ സഭയുടെ മേജർ ആർച്ച്ബിഷപ്പിന്റെ ഓഫീസ് എറണാകുളം അതിരൂപതാ കേന്ദ്രത്തിലാണ് പ്രവർത്തിച്ചിരുന്നത്. 1995 മെയ് മാസത്തിൽ ഇതിന്റെ പ്രവർത്തനം മൗണ്ട് സെന്റ് തോമസിലേക്കു മാറ്റി. പുതിയതായി വാങ്ങിയ സ്ഥലത്തുണ്ടായിരുന്ന ഒരു കെട്ടിടത്തിലാണ് ഇതുവരെ ഓഫീസ് പ്രവർത്തിച്ചിരുന്നത്. ആ കെട്ടിടം ഒരു സഭാകേന്ദ്രത്തിലെ ബഹുമുഖ പ്രവർത്തനങ്ങൾക്ക് തികച്ചും അപര്യാപ്തമായിരുന്നു. ആ കുറവാണ് ഇപ്പോൾ നികത്തപ്പെടുന്നത്.

ഇരുപതു നൂറ്റാണ്ടുകൾ പിന്നിടുന്ന നമ്മുടെ സഭയ്ക്ക് അതിനനുസരിച്ചുള്ള പക്വതയും വളർച്ചയും ഉണ്ടാകേണ്ടതാണ്. അതിനു നാം തീവ്രമായി പരിശ്രമിക്കണം. ഈ പരിശ്രമങ്ങൾക്ക് പുതിയ സഭാകേന്ദ്രം ഉത്തേജനം നല്കുമെന്നത് നിസ്തർക്കമാണ്.

ഒരു സഭയുടെ ആസ്ഥാനം സഭാത്കമായ എല്ലാ പ്രവർത്തനങ്ങളുടെയും സിരാകേന്ദ്രമാണ്. സഭയുടെ ആന്തരികവും ബാഹ്യവുമായ പ്രവർത്തനങ്ങൾക്കെല്ലാം അത് മാർഗ്ഗനിർദ്ദേശം നല്കണം. സഭാമക്കളിൽ സ്നേഹവും ഐക്യവും ഊട്ടി വളർത്തണം. പല കാരണങ്ങ

www.malankaralibrary.com



ളാൽ ഭിന്നിച്ചു നില്ക്കുന്ന ക്രൈസ്തവസഹോദരങ്ങളുമായി ഐക്യം പുനഃസ്ഥാപിക്കണം. സുവിശേഷത്തിന് ഒരുമിച്ചു സാക്ഷ്യം വഹിക്കണം. നമ്മുടെ സഭാകേന്ദ്രം ഈ മേഖലകളിലെല്ലാം സവിശേഷമായ ശ്രദ്ധ പതിപ്പിക്കും.

ഏതൊരു പ്രസ്ഥാനത്തിന്റെയും സുഗമമായ നടത്തിപ്പിന് അനാവാര്യമായ ഒന്നാണല്ലോ പൊതുവായ നേതൃത്വവും ആ നേതൃത്വത്തിന് പ്രവർത്തിക്കാൻ ഒരാസ്ഥാനവും. നാം ഉൾക്കൊള്ളുന്ന സാർവ്വത്രിക കത്തോലിക്കാസഭയ്ക്ക് ഐക്യത്തിൽ ഉറച്ചുനില്ക്കാനും ശരിയായ ദിശാബോധത്തോടെ വളരാനും സാധിക്കുന്നത് അതിന് പൊതുതലവനും പിതാവുമായി മാർപാപ്പയും അദ്ദേഹത്തിന്റെ വത്തിക്കാൻ ആസ്ഥാനത്തെ പൊതുസംവിധാനങ്ങളും ഉള്ളതുകൊണ്ടാണ്. കത്തോലിക്കാ കൂട്ടായ്മയിലെ ഓരോ സ്വയാധികാരസഭയുടെയും ശരിയായ വളർച്ചയ്ക്ക് അതുപോലൊരു പൊതുനേതൃത്വവും കേന്ദ്രസംവിധാനങ്ങളും ആവശ്യമാണ്.

ഈശോയുടെ പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരാളായ മാർ തോമ്മായുടെ പ്രേഷിതജീവിതത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയും പരിണിതഫലമാണ് നമ്മുടെ സഭ. ദീർഘകാലം ഒരു പൊതുനേതൃത്വത്തിന്റെ കീഴിൽ ഐക്യത്തിലും ശ്ലൈഹികവിശ്വാസത്തിലും ഏകസമൂഹമായി കഴിഞ്ഞവരാണ് ഭാരതത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ. 16-ാം നൂറ്റാണ്ടിനുശേഷമുണ്ടായ വേദനാജനകമായ ചില സംഭവങ്ങളുടെ ഫലമായി, ഒന്നായിരുന്ന മാർത്തോമ്മാ നസ്രാണി സമൂഹം പലതായി ഭിന്നിച്ചുപോയി. പല രംഗങ്ങളിലും വ്യതിയാനങ്ങൾ സംഭവിച്ചു. കഴിഞ്ഞ നാലു നൂറ്റാണ്ടിലേറെയുള്ള കാലയളവിൽ നമ്മുടെ സഭയ്ക്കു സംഭവിച്ച പോരായ്മകളെ തിരുത്തി സഭയുടെ ശരിയായ വളർച്ചയ്ക്ക് സഹായകമായ പുതിയ സംവിധാനങ്ങൾ പുതിയ സഭാകേന്ദ്രത്തിൽ ഉണ്ടാകുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ പരമമായ വിശ്വാസസാക്ഷ്യത്തിന്റെയും ആത്മപരിത്യാഗത്തിന്റെയും പ്രേഷിത സമർപ്പണത്തിന്റെയും ചൈതന്യം പുതിയ സഭാകേന്ദ്രത്തിന് ആത്മീയപ്രചോദനമാകട്ടെ എന്നു നമുക്ക് ആശംസിക്കാം.

കൊടുങ്ങല്ലൂരും അങ്കമാലിയും വരാപ്പുഴയുമെല്ലാം കഴിഞ്ഞകാല ചരിത്രത്തിൽ മലബാർ സഭയുടെ ആസ്ഥാനങ്ങളായിട്ടുണ്ട്. അതിനുശേഷം ചരിത്രത്തിന്റെ ഗതിവിഗതികളിൽപ്പെട്ട് നമ്മുടെ സഭയ്ക്ക് പൊതുനേതൃത്വും ആസ്ഥാനവും ഏറെക്കാലമായി ഇല്ലാതിരിക്കുകയായിരുന്നു. 1992 ഡിസംബർ 16-ന് പരിശുദ്ധ പിതാവ് ജോൺ പോൾ

www.malankaralibrary.com



രണ്ടാമൻ നമ്മുടെ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ തലത്തിലുള്ള ഒരു സ്വയാധികാരസഭയായി ഉയർത്തുകയും പൊതുതലവനായി ഒരു മേജർ ആർച്ചുബിഷപ്പിനെ നല്കുകയും ചെയ്തു. ഒരു അതിരൂപതയുടെ മെത്രാപ്പോലീത്തായുംകൂടിയായ മേജർ ആർച്ചുബിഷപ്പിന് പൊതുതലവനെന്ന നിലയിൽ തന്റെ അതിരൂപതാ ഓഫീസിൽനിന്ന് വ്യത്യസ്തമായ ഒരു കാര്യാലയം വേണമെന്ന് പൗരസ്ത്യ കാനൻ നിയമസംഹിത അനുശാസിക്കുന്നു. അതനുസരിച്ചുള്ള കാര്യാലയമാണ് മൗണ്ട് സെന്റ് തോമസിൽ പണിതീർത്തിരിക്കുന്നത്.

**പൊതുകേന്ദ്രത്തിന്റെ പ്രസക്തിയും പ്രവർത്തനങ്ങളും**

ഒരു സ്വയാധികാരസഭയെന്ന നിലയിൽ സീറോ മലബാർ സഭയുടെ പക്വവും സമഗ്രവുമായ വളർച്ചയ്ക്ക് ചുക്കാൻ പിടിക്കുന്ന ശക്തികേന്ദ്രമാണ് സഭയുടെ ആസ്ഥാനം. ശ്ലീഹന്മാരിലൂടെ ലഭിച്ച വിശ്വാസ പൈതൃകം അഭംഗുരം സംരക്ഷിക്കുകയും സ്വജീവിതത്തിൽ അന്വർത്ഥമാക്കിക്കൊണ്ട് ലോകമെങ്ങും അതിനു സാക്ഷ്യംവഹിക്കുകയും ചെയ്യുവാനായി നമ്മൾ സജ്ജരാകുമ്പോഴാണ് നമ്മുടെ സഭയുടെ വളർച്ച പക്വവും സമഗ്രവുമാണെന്ന് പറയാൻ സാധിക്കുന്നത്.

സ്വന്തം നിലയിൽ സുവിശേഷത്തിന് സാക്ഷ്യംവഹിക്കാൻ അവകാശവും ചുമതലയുമുള്ളവയാണ് സ്വയാധികാര വ്യക്തിസഭകൾ. സഭയുടെ വ്യക്തിത്വത്തിന്റെ മുഖ്യഘടകങ്ങളായി രണ്ടാം വത്തിക്കാൻ കൗൺസിൽ എടുത്തുപറയുന്നത് ലിറ്റർജി, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷണക്രമം എന്നിവയാണ്. ഒരു സഭയുടെ ശരിയായ വളർച്ച ഈ ഘടകങ്ങളുടെ കലർപ്പില്ലാത്തതും ജീവാത്മകവുമായ വളർച്ചയാണ്. പ്രേഷിതദൗത്യനിർവ്വഹണത്തിന് ഇത്തരത്തിലുള്ള വളർച്ച ആവശ്യമാണ്. സീറോ മലബാർ സഭയ്ക്കുണ്ടായിരിക്കുന്ന പൊതു ആസ്ഥാനം ആ വളർച്ചയെ സഹായിക്കുന്നതിനുവേണ്ടിയുള്ളതാണ്.

ഇവയിൽ ഒന്നാം സ്ഥാനം നല്കേണ്ടത് ദൈവാരാധനയ്ക്കാണെന്നുള്ളത് തർക്കമറ്റ കാര്യമാണ്. സഭതന്നെ ഒരു ആരാധനാസമൂഹമാണല്ലോ. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഭാഷയിൽ "സഭയുടെ പ്രവർത്തനംതന്നെ ആരാധനക്രമമാകുന്ന അത്യുച്ചസ്ഥാനത്തേക്കാണ് തിരിഞ്ഞിരിക്കുന്നത്" (L.G. 10). നമ്മുടെ വിശ്വാസത്തിന്റെ ഉള്ളടക്കം സഭയുടെ ആരാധനക്രമത്തിൽനിന്നാണ് നാമറിയുന്നത്. "ഇന്ന് ഇവിടെ രക്ഷ സാക്ഷാത്കരിക്കുന്ന ദൈവിക-മാനുഷിക പ്രവൃത്തിയെന്ന നിലയിലും വിശ്വാസത്തിന്റെ കലവറയെ പ്രകാശിപ്പിക്കുകയും സംരക്ഷി

www.malankaralibrary.com



ക്കുകയും ചെയ്യുന്ന മഹനീയവേദിയെന്ന നിലയിലും ലിറ്റർജിക്ക് മൗലിക പ്രാധാന്യമാണുള്ളത്." (പൗരസ്ത്യസഭാകാര്യാലയത്തിന്റെ നിർദ്ദേശങ്ങൾ, ഖണ്ഡിക 24).

സ്വയാധികാരസഭയായ സീറോ മലബാർ സഭയ്ക്ക് അവളുടെ ആരാധനാവ്യക്തിത്വത്തിന്റെ പൂർണ്ണതയാർജ്ജിക്കുക അടിയന്തിരാവശ്യമാണ്. സഭയുടെ അന്തസ്സത്തയും ഐക്യവും സംരക്ഷിക്കാൻ അത് അത്യാവശ്യമാണ്. പരിഷകരണം ആവശ്യമായിരിക്കുന്ന നിരവധി കാര്യങ്ങൾ നമ്മുടെ ആരാധനക്രമത്തിലുണ്ട്. അതുപോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണ് ആരാധനക്രമത്തിൽ പ്രാദേശികമായ സാംസ്കാരികാനുരൂപണം വരുത്തുകയെന്നതും. സഭയുടെ മുന്നേറ്റത്തിൽ, കടന്നുപോയ നൂറ്റാണ്ടുകളിൽ വന്നുപോയ തെറ്റുകൾ ആവർത്തിക്കപ്പെടാതിരിക്കുവാൻ ഈ സാംസ്കാരികാനുരൂപണം അത്യന്താപേക്ഷിതമാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ ആരാധനക്രമത്തിലെ പരിഷ്കരണങ്ങളും സാംസ്കാരികാനുരൂപണവുമെല്ലാം ദൈവശാസ്ത്രം, ചരിത്രം, ആത്മപാലനം എന്നിവയുടെ അടിസ്ഥാനത്തിൽ പഠനത്തിന് വിധേയമാക്കണം. ഇവയെല്ലാം സാധിക്കത്തക്കവിധത്തിലുള്ള ഒരു ഗവേഷണകേന്ദ്രം സഭയുടെ പുതിയ ആസ്ഥാനത്ത് തുടങ്ങാനും തീരുമാനിച്ചിട്ടുണ്ട്.

ലിറ്റർജിയോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന ദൈവശാസ്ത്രമാണ് ഒരു സഭയുടെ മറ്റൊരു ഘടകം. ആരാധനയിലെ വിശ്വാസരഹസ്യങ്ങളെ ദൈവാരൂപിയുടെ സഹായത്തോടെ കൂടുതലായി ഗ്രഹിക്കാനുള്ള ശ്രമമാണ് ദൈവശാസ്ത്രം. ആരാധനാജീവിതം കേവലം ഉപരിപ്ലവമാകാതിരിക്കാൻ ശരിയായ ദൈവശാസ്ത്രാടിസ്ഥാനം നമ്മെ സഹായിക്കും. വിശുദ്ധ ഗ്രന്ഥത്തോടൊപ്പം ആരാധനഗ്രന്ഥങ്ങൾ , സഭാപിതാക്കന്മാരുടെ പ്രബോധനങ്ങൾ, സൂന്നഹദോസ് രേഖകൾ തുടങ്ങിയവ നിരന്തരമായ പഠനത്തിനും ധ്യാനത്തിനും വിധേയമാകുമ്പോഴാണ് ഓരോ പാരമ്പര്യത്തിനും ചേർന്ന ദൈവശാസ്ത്രം ഉടലെടുക്കുന്നത്. പ്രാർത്ഥനകളിൽ അടങ്ങിയിരിക്കുന്ന അമൂല്യമുത്തുകളെ കണ്ടെത്തലാണിത്. അതിനാൽ വി. ലിഖിതങ്ങളെപ്പോലെതന്നെ സൂക്ഷ്മപഠനത്തിനും വിചിന്തനത്തിനും അവയും വിധേയമാക്കേണ്ടതാണ്. (പൗരസ്ത്യസഭാകാര്യാലയത്തിന്റെ നിർദ്ദേശങ്ങൾ ഖണ്ഡിക 97). ലിറ്റർജിപോലെതന്നെ അതിൽ വേരുപിടിച്ച സ്വന്തമായൊരു ദൈവശാസ്ത്രവും സീറോ മലബാർ സഭയുടെ ജീവാത്മകവളർച്ചയ്ക്ക് ആവശ്യമാണ്. സാർവ്വത്രിക സഭയ്ക്കുതന്നെ മുതൽക്കൂട്ടായിത്തീരത്തക്കവിധം നമ്മുടെ സഭയുടെ തനിമയ്ക്കും പാരമ്പര്യത്തിനും ചേർന്ന ഒരു ദൈവശാസ്ത്ര

www.malankaralibrary.com



സരണി വെട്ടിത്തുറക്കാനുള്ള പഠനസംവിധാനങ്ങളും ഗവേഷണസൗകര്യങ്ങളും മേൽപ്പറഞ്ഞ ഗവേഷണകേന്ദ്രത്തിന്റെ ഭാഗമായി ഉണ്ടാകുമെന്ന പ്രത്യാശയാണ് ഞങ്ങൾക്കുള്ളത്.

ആരാധനയുടെയും ദൈവശാസ്ത്രപരിചിന്തനത്തിന്റെയും വിഷയമായ വിശ്വാസം ജീവിതത്തിൽ പ്രായോഗികമാക്കുമ്പോൾ സഭയുടെ വ്യക്തിത്വത്തെ നിർണ്ണയിക്കുന്ന മൂന്നാമത്തെ ഘടകമായ ആദ്ധ്യാത്മികതയായി. ഓരോ സഭയുടെയും ലിറ്റർജിയിലും ദൈവശാസ്ത്രത്തിലും അധിഷ്ഠിതമായ വിശ്വാസജീവിതപരിശീലനം ഇതാവശ്യപ്പെടുന്നു. ഈ രംഗത്തും നാം വളരെയേറെ മുന്നേറേണ്ടതായിട്ടുണ്ട്. സ്വന്തം ആരാധനാശൈലിയുടെ സമ്പൂർണ്ണതയും അതിനോടു ചേർന്നുപോകുന്ന ഒരു മതബോധനസംവിധാനവും നമുക്കുണ്ടാകേണ്ടതുണ്ട്. നമ്മുടെ സഭാപൈതൃകത്തിനും വ്യക്തിത്വത്തിനും ചേർന്ന ഒരു മതബോധനസമീപനം സ്വായത്തമാക്കാനുള്ള പരിശ്രമങ്ങൾക്ക് മുൻകൈയെടുക്കാനും നമ്മുടെ പൊതുസഭാകേന്ദ്രത്തിന് സാധിക്കും.

സഭ ഒന്നുചേർന്ന് ശ്രദ്ധിക്കേണ്ട ഒരു പ്രധാന മേഖലയാണ് ഇതര ക്രിസ്തീയ വിഭാഗങ്ങളുമായുള്ള ഐക്യം. ഒരേ പൈതൃകത്തിന്റെ അവകാശികളായി ഐക്യത്തിൽ കഴിഞ്ഞിരുന്ന മാർത്തോമ്മാ നസ്രാണി സമൂഹം ഇന്ന് പലതായി ഭിന്നിച്ചുനില്ക്കുകയാണ്. എല്ലാവരെയും കോർത്തിണക്കിയിരുന്ന പൈതൃകത്തോടുള്ള അവികലമായ വിശ്വസ്തതയും അതിന്റെ സംരക്ഷണവുമാണ് അകന്നു നില്ക്കുന്ന സഭകളുമായി ഐക്യം പുനഃസ്ഥാപിക്കാൻ ഏറ്റം ഫലപ്രദമായ മാർഗ്ഗം. ഈ ഐക്യം സ്ഥാപിക്കാൻ കഴിവുള്ളതെല്ലാം ചെയ്യാനുള്ള ഒരു ഉത്തരവാദിത്തം പൗരസ്ത്യകത്തോലിക്കാ സഭകൾക്കുണ്ടെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. ഈ ഉത്തരവാദിത്തനിർവ്വഹണത്തിനുള്ള ഒരു വേദികൂടിയാണ് നമ്മുടെ സഭാകേന്ദ്രം.

ഭാരതത്തെ സംബന്ധിച്ചിടത്തോളം പ്രത്യേക ശ്രദ്ധയർഹിക്കുന്ന വസ്തുതയാണ് വിവിധ മതങ്ങളുടെ സാന്നിദ്ധ്യം. വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്യുന്ന ഡയലോഗിലൂടെ ഇതരമതങ്ങളുമായി നല്ല ബന്ധം പുലർത്താനും ഭാരതത്തിലെ ബഹുഭൂരിപക്ഷം വരുന്ന ക്രൈസ്തവേതരജനവിഭാഗങ്ങളുടെ ഇടയിൽ പുളിമാവുപോലെ പ്രവർത്തിച്ചുകൊണ്ട് അവർക്ക് ക്രിസ്തീയമൂല്യങ്ങൾ പകർന്നുകൊടുക്കാനും ഭാരതസംസ്ക്കാരത്തിൽ വേരൂന്നി വളരുന്ന തോമാശ്ലീഹായുടെ ഈ സഭയ്ക്ക് വലിയ ഉത്തരവാദിത്തമുണ്ട്. ആ ഉത്തരവാദിത്തനിർവ്വഹണത്തിന്റെ ചുക്കാൻ പിടിക്കാൻ അനുയോജ്യമായൊരു സംവിധാനമാണ് നമ്മുടെ സഭാകേന്ദ്രം.

www.malankaralibrary.com



സഭ ഒന്നുചേർന്ന് ശ്രദ്ധിക്കേണ്ട മറ്റൊരു പ്രധാന മേഖലയാണ് സാമൂഹികരംഗം. ആവശ്യക്കാരെയും ബലഹീനരെയും അന്വേഷിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുകയെന്നത് സഭാത്മകജീവിതത്തിന്റെ ഭാഗംതന്നെയാണെന്ന് ആദിമക്രൈസ്തവ സമൂഹത്തിന്റെ ജീവിതശൈലി വ്യക്തമാക്കുന്നു. എല്ലാവരും ഒരേ ശരീരത്തിന്റെ അവയവങ്ങൾ എന്ന കൂട്ടായ്മയുടെ രഹസ്യം പ്രഘോഷിക്കുന്ന സഭയ്ക്ക് ഈ സാമൂഹികപ്രതിബദ്ധതയിൽനിന്ന് ഒഴിഞ്ഞുമാറി നില്ക്കാനാവില്ല. സഭ മുഴുവൻ പങ്കാളിയാകുന്ന സർഗ്ഗാത്മകമായൊരു പദ്ധതി ഇക്കാര്യത്തിൽ രൂപപ്പെടേണ്ടതുണ്ട്. വ്യക്തിപരമോ പ്രാദേശികമോ ആയ പ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്താതെതന്നെ എല്ലാവരും ഉൾപ്പെടുന്നതും ഓരോരുത്തർക്കും പ്രചോദനം നല്കുന്നതുമായ ഒരു സഭാശുശ്രൂഷയാണാവശ്യം. ഒരുമിച്ചുള്ള സാക്ഷ്യത്തിന്റെയും ക്രിസ്തീയ സാഹോദര്യത്തിന്റെയും ശക്തിയും മനോഹാരിതയും അത് അനുഭവവേദ്യമാക്കാതിരിക്കില്ല. സഭയുടെ വിവിധ തലങ്ങളിൽ നടത്തുന്ന സാമൂഹിക പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുപോകാൻ സഭാകേന്ദ്രത്തെ ഉപയോഗപ്പെടുത്താവുന്നതാണ്.

ഇപ്രകാരം തനിമയിലും വ്യക്തിത്വത്തിലും കൂട്ടായ്മയിലും പൂർണ്ണത ആർജ്ജിച്ചാൽ മാത്രമേ, ഫലപ്രദമായ പ്രേഷിത ശുശ്രൂഷ നടത്തുവാൻ സഭയ്ക്ക് സാധിക്കുകയുള്ളു. "ലോകം മുഴുവൻ സുവിശേഷം പ്രസംഗിക്കുക" എന്നത് എല്ലാ സഭകളുടെയും കടമയാണെന്നുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം (OE 2) ഇവിടെ പ്രത്യേകം സ്മരണീയമാണ്. ഒരു വ്യക്തിസഭയുടെ നിലനില്പ്പുതന്നെ പ്രേഷിതവേലയ്ക്കുവേണ്ടിയാണ്. സീറോ-മലബാർ സഭയെ സംബന്ധിച്ചിടത്തോളം സവിശേഷ ശ്രദ്ധ ചെലുത്തേണ്ട ഒരു കാര്യമാണിത്. പ്രേഷിതദൈവവിളികളാൽ സമ്പന്നമാണ് നമ്മുടെ സഭ. ലോകം മുഴുവൻ സുവിശേഷവെളിച്ചം എത്തിക്കുക എന്ന വെല്ലുവിളി നേരിടാൻ നമ്മുടെ സഭയിലെ സമൃദ്ധമായ ദൈവവിളികൾ യഥാവിധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. നമ്മുടെതന്നെ മേൽവിലാസത്തിൽ അപ്രകാരം ചെയ്യുന്നതിന് തടസ്സങ്ങൾ പലതുണ്ടെന്നതും വിസ്മരിക്കാവുന്നതല്ല. അവ തരണം ചെയ്യാൻ മേജർ ആർക്കിഎപ്പിസ്കോപ്പൽ തലത്തിലുള്ള സംവിധാനം വളരെയേറെ ഉപകരിക്കും.

അതുപോലെതന്നെ ഭാരതത്തിലും വിദേശങ്ങളിലുമായി ചിതറിപ്പാർക്കുന്ന സീറോ-മലബാർ സഭാമക്കൾക്ക് സ്വന്തം സഭാപൈതൃകത്തെ സംരക്ഷിക്കാനും അതനുസരിച്ച് വിശ്വാസജീവിതം നയിക്കുവാനുമുള്ള അവസരമുണ്ടാക്കിക്കൊടുക്കുന്നതിലും സഭാകേന്ദ്രത്തിന്റെ

www.malankaralibrary.com



പ്രവർത്തനം നിർണ്ണായകമാണ്. ഇത്തരം സാഹചര്യങ്ങൾ ഇന്ന് തീർത്തും അപര്യാപ്തമാണെന്നു പറയേണ്ടിയിരിക്കുന്നു.

ഇത്രയും വിപുലമായ സംവിധാനങ്ങളുണ്ടാകുമ്പോൾ അവയ്ക്ക് അനുസൃതമായ കെട്ടിടങ്ങളും വേണ്ടിവരുമല്ലോ. അവയ്ക്ക് ആനുപാതികമായ പണച്ചെലവും ഉണ്ടാവുക സ്വാഭാവികമാണ്. ഇതിലേക്ക് നിങ്ങളേവരും സഹകരിച്ചുകൊണ്ടിരിക്കുന്നുവെന്നത് തികച്ചും ചാരിതാർത്ഥ്യജനകമാണ്. നിങ്ങളുടെ ത്യാഗപൂർണ്ണമായ സഹകരണത്തിന് നന്ദി പറയുവാൻ ഈയവസരം ഞങ്ങൾ വിനിയോഗിക്കുന്നു. തുടർന്നും അപ്രകാരം നിങ്ങൾ ചെയ്യുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

തിരുസ്സഭ രണ്ടായിരം വർഷം പിന്നിടുകയാണ്. അതോടൊപ്പം ഭാരതസഭയും. മഹാജൂബിലിയുടെ സന്ദർഭമാണിത്. ദൈവാനുഗ്രഹത്തിന്റെ സമൃദ്ധി സഭയുടെമേൽ ചൊരിയപ്പെടുന്ന അവസരമായി നമുക്കിതിനെ കാണാം. നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം പൊതുവായൊരു ആസ്ഥാനം യാഥാർത്ഥ്യമാകുവാൻ ഇപ്പോൾ സാധിച്ചത് ദൈവകൃപയുടെ പ്രത്യക്ഷമായ ഒരടയാളമായി കാണുകയും ദൈവത്തിനു നന്ദി പറയുകയും ചെയ്യാം. ഇവിടുത്തെ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് എല്ലാവരുടെയും പ്രാർത്ഥനയും ചിന്തയും സഭയ്ക്ക് ആവശ്യമാണ്. അത് നിർലോഭം നല്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും നിങ്ങളേവരെയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞങ്ങൾ ഹൃദയപൂർവ്വം ആശീർവദിക്കുന്നു.

1998 ഏപ്രിൽ 15-ാം തീയതി എറണാകുളത്ത് മൗണ്ട് സെന്റ് തോമസിലുള്ള ശ്രേഷ്ഠമെത്രാപ്പോലീത്തൻ കാര്യാലയത്തിൽനിന്ന് നല്കപ്പെട്ടത്.

സീറോ-മലബാർ സഭയിലെ വൈദിക മേലദ്ധ്യക്ഷന്മാർ

*ഈ ഇടയലേഖനം 1998 ജൂൺ 21-ാം തീയതി ഞായറാഴ്ച കുർബ്ബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

www.malankaralibrary.com



**The Syro-Malabar Major Archiepiscopal Church of Ernakulam-Angamaly**

No. 1234/98

3-7-1998

## പ്രസ്താവന

സീറോ-മലബാർ മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് പുറപ്പെടുവിക്കപ്പെട്ട സംയുക്ത ഇടയ ലേഖനത്തിന്റെ 6-ാം ഖണ്ഡികയിൽ മലബാർ സഭയുടെ ആസ്ഥാനങ്ങളെപ്പറ്റിയുള്ള പരാമർശം 1923 മുതൽ 1956 വരെ സീറോ മലബാർ സഭയുടെ മെത്രാപ്പോലീത്തായുടെ ആസ്ഥാനം എറണാകുളമായിരുന്നു എന്ന വസ്തുത നിഷേധിക്കുന്നതല്ല.

(ഒപ്പ്)
മാർ വർക്കി വിതയത്തിൽ
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ

www.malankaralibrary.com



# ഹയരാർക്കി സ്ഥാപനത്തിന്റെ വജ്രജൂബിലി പ്രമാണിച്ച് സീറോ-മലബാർ സഭയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ പുറപ്പെടുവിക്കുന്ന ഇടയലേഖനം

സീറോ-മലബാർ സഭയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ വിതയത്തിൽ വർക്കി മെത്രാപ്പോലീത്താ തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന സീറോ-മലബാർ സഭയിലെ ദൈവജനത്തിന് എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെയുണ്ടായിരിക്കട്ടെ.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

സീറോ-മലബാർ സഭയെ സംബന്ധിച്ച് സുപ്രധാനമായ ഒതു തീയതിയാണ് 1998 ഡിസംബർ 21. നമ്മുടെ റീത്തിൽപ്പെട്ട മെത്രാന്മാർ ഉൾക്കൊള്ളുന്ന സീറോ-മലബാർ ഹയരാർക്കി സ്ഥാപിതമായിട്ട് അന്ന് 75 വർഷം തികയുകയാണ്. കർത്താവിന്റെ ശിഷ്യന്മാരിലൊരാളായ വിശുദ്ധ തോമാശ്ലീഹായാൽ സ്ഥാപിതമായ നമ്മുടെ സഭ ചില പ്രത്യേക സാഹചര്യങ്ങളിൽ നാലാം നൂറ്റാണ്ടു മുതൽ പതിനാറാം നൂറ്റാണ്ടിന്റെ അന്ത്യപാദംവരെ പൗരസ്ത്യസുറിയാനി സഭയിൽനിന്നുള്ള മെത്രാന്മാരാലും പിന്നീട് പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനം വരെ പാശ്ചാത്യ ലത്തീൻ മെത്രാന്മാരാലും ഭരിക്കപ്പെട്ടിരുന്നു. കാലക്രമത്തിൽ കത്തോലിക്കാ കൂട്ടായ്മയിലെ ഒരു വ്യക്തിഗതസഭ എന്ന നമ്മുടെ വ്യതിരക്തത പ്രയോഗത്തിൽ നഷ്ടപ്പെടുകയും നാം ഇവിടെ സ്ഥാപിതമായ ലത്തീൻ രൂപതകളിലെ അംഗങ്ങളാവുകയും ചെയ്തു. 1887-ൽ ആ സ്ഥിതിക്ക് മാറ്റം വരുത്തി നമുക്കായി തൃശൂർ, കോട്ടയം എന്നീ രണ്ടു വികാരിയാത്തുകൾ സ്ഥാപിതമായി. 1896-ൽ കോട്ടയം നിർത്തലാക്കപ്പെട്ടു. തൽസ്ഥാനത്ത് എറണാകുളം, ചങ്ങനാശ്ശേരി എന്നിങ്ങനെ രണ്ടു വികാരിയാത്തുകൾ സ്ഥാപിതമായി. മൂന്നു വികാരിയാത്തുകളിലും തദ്ദേശീയരായ വികാരി അപ്പസ്തോലിക്കാമാരും നിയമിക്കപ്പെട്ടു. 1911-ൽ നമ്മുടെ സഭയിലെതന്നെ അംഗങ്ങളായ ക്നാനായക്കാർക്കായി കോട്ടയത്തുതന്നെ ഒരു പുതിയ വികാരിയാത്ത് സ്ഥാപി

www.malankaralibrary.com



തമായി. സഭാഭരണഘടനയിൽ ഒരു താത്ക്കാലിക സംവിധാനം മാത്ര മാണ് വികാരിയാത്തുകൾ. മാർപാപ്പായ്ക്കുവേണ്ടി അദ്ദേഹം നിയമി ക്കുന്ന വികാരിമാർ നയിക്കുന്ന ഭരണഘടകങ്ങളാണവ. അവ രൂപത കളല്ല, എന്നാൽ രൂപതകളുടേതായ ഏറെക്കുറെ എല്ലാ സംവിധാന ങ്ങളും ഉള്ളവയുമാണ്.

1923 ഡിസംബർ 21-ാം തീയതി മേൽപ്പറഞ്ഞ നാലു വികാരി യാത്തുകളും രൂപതകളാക്കപ്പെട്ടു. അവയിൽത്തന്നെ എറണാകുളത്തെ അതിരൂപതയും അതിന്റെ വികാരി അപ്പസ്തോലിക്കയെ മെത്രാപ്പോ ലീത്തായും ആക്കി. അങ്ങനെ എറണാകുളം മെത്രാപ്പോലീത്തായും മറ്റു മൂന്ന് സാമന്തമെത്രാന്മാരും ഉൾക്കൊള്ളുന്ന സീറോ–മലബാർ ഹയ രാർക്കിയും അന്നുതന്നെ സ്ഥാപിക്കപ്പെട്ടു. മാർ അഗസ്റ്റിൻ കണ്ടത്തിൽ എറണാകുളം മെത്രാപ്പോലീത്തയും മാർ ഫ്രാൻസിസ് വാഴപ്പിള്ളി, മാർ തോമസ് കുര്യാളശ്ശേരി, മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ എന്നിവർ യഥാക്രമം തൃശൂർ, ചങ്ങനാശ്ശേരി, കോട്ടയം എന്നീ രൂപതകളുടെ മെത്രാന്മാരുമായി. പൗരസ്ത്യസുറിയാനി സഭയിൽനിന്നുള്ള മെത്രാ ന്മാരുടെ വരവ് നിലച്ചശേഷം ഒരു പൊതുനേതൃത്വം ഇല്ലാതിരുന്ന നമ്മുടെ സഭയ്ക്ക് ഹയരാർക്കി സ്ഥാപനത്തിലൂടെ വീണ്ടുമൊരു നേതൃത്വം ലഭ്യമായി.

ഇത്തരുണത്തിൽ വിശുദ്ധ ഗ്രന്ഥത്തിലെ ഒരു സംഭവം അനുസ്മ രിക്കട്ടെ. "ആസന്നമരണനായ യാക്കോബ് തന്റെ വടി ഊന്നിനിന്ന് ആരാധിച്ചുകൊണ്ട് ജോസഫിന്റെ മക്കളെ ഓരോരുത്തരെയും വിശ്വാ സത്തോടെ അനുഗ്രഹിച്ചു. ജോസഫ് മരിക്കുമ്പോൾ വിശ്വാസംമൂലം ഇസ്രായേൽമക്കളുടെ പുറപ്പാടിനെ മനസ്സിൽ കണ്ടുകൊണ്ട് തന്റെ അസ്ഥികളെ എന്തുചെയ്യണമെന്ന് അദ്ദേഹം നിർദ്ദേശവും കൊടുത്തു" (ഹെബ്ര 11: 21-22). യഹൂദസമുദായത്തിന്റെ രണ്ടു പിതാക്കന്മാരെ നൂറ്റാണ്ടുകൾക്കുശേഷം പുതിയ നിയമത്തിൽ ഹെബ്രായർക്കുള്ള ലേഖ നത്തിൽ അനുസ്മരിക്കുന്ന വാക്യങ്ങളാണിവ. ഒരു പിതാമഹന്റെ അനു ഗ്രവും മറ്റൊരു പിതാമഹന്റെ അസ്ഥികളും സംവഹിച്ചുകൊണ്ടുള്ള ഒരു സമൂഹത്തിന്റെ ചരിത്രത്തിലൂടെയുള്ള യാത്രയുടെ സ്മരണയാണ് ഈ വാചകങ്ങളിൽ കാണുന്നത്. ദൈവജനത്തിന്റെ ഏതു വിഭാഗ ത്തിനും ഇതുപോലെ സ്വന്തം പിതാമഹന്മാരുടെ കഥകൾ പറയാനു ണ്ടാകും; കാരണം അവരുടെ അസ്ഥികളിലാണ് സമൂഹത്തിന്റ അടി ത്തറ പാകപ്പെട്ടിരിക്കുന്നത്. ഈയവസരത്തിൽ നമ്മുടെ സഭയുടെ അടി സ്ഥാനമായി നിലകൊള്ളുന്ന പിതാമഹന്മാരെയും നമുക്ക് നന്ദിപൂർവ്വം അനുസ്മരിക്കാം.

www.malankaralibrary.com



ഹയരാർക്കിസ്ഥാപനത്തോടെ ഒറ്റക്കെട്ടായി മുന്നോട്ടു കുതിച്ച സീറോ-മലബാർ സഭയുടെ സുവർണ്ണകാലമായിരുന്നു പിന്നീടു വന്നത്. പൗരോഹിത്യത്തിലേക്കും സമർപ്പിതജീവിതത്തിലേക്കും ധാരാളം പേർ കടന്നുവന്നു. കർത്താവിന്റെ സുവിശേഷവേലയിൽ വ്യാപൃതരായിരിക്കുന്ന സീറോ-മലബാർ സഭാംഗങ്ങൾ ഇന്ത്യയുടെ ഒട്ടെല്ലാ ഭാഗത്തും ലോകത്തിൽ പലയിടങ്ങളിലും എത്തിച്ചേർന്നു. സഭയുടെ സ്വാതന്ത്ര്യത്തിന്റെ കാലമായിരുന്നു പിറന്നുവീണത്. ദൈവതിരുമനസ്സ് നിറവേറ്റാനുള്ള അവസ്ഥയാണല്ലോ യഥാർത്ഥ സ്വാതന്ത്ര്യം. "എല്ലാവരുടെയും അടിമയാകാനും" (1 കൊറി 9:19) "പരസ്പരം ശുശ്രൂഷകരാകാനും" (ഗാല 5:13) ഉള്ള സ്വാതന്ത്ര്യമാണത്.

ഭാരതജനതയുടെ വിദ്യാഭ്യാസം, ആരോഗ്യം, അവശരുടെ പരിചരണം എന്നീ തലങ്ങളിൽ സീറോ-മലബാർ സഭ നിർവ്വഹിച്ചിട്ടുള്ള അദ്ഭുതകരങ്ങളായ സേവനങ്ങൾക്ക് നേതൃത്വം നല്കിയത് നമ്മുടെ സഭാപിതാക്കന്മാരായിരുന്നുവെന്ന വസ്തുത നാം അഭിമാനത്തോടെ സ്മരിക്കേണ്ടതാണ്. നിരവധി സംഘടനകൾ ഇടവകകളിൽ പാകിപ്പിടിപ്പിച്ച് ക്രൈസ്തവജീവിതത്തെ പരിപുഷ്ടമാക്കാനും ഈ കാലയളവിൽ സാധിച്ചു. വൈദിക-സമർപ്പിത ജീവിതത്തിന്റെയും അല്മായ പ്രേഷിതത്വത്തിന്റെയും ഹരിതഭൂമിയായി നമ്മുടെ സഭ മാറിയത് അതിനു പിന്നിൽ സമ്പന്നമായ ക്രൈസ്തവജീവിതം നയിച്ച നമ്മുടെ കുടുംബങ്ങളുടെ, മാതാപിതാക്കളുടെ ആത്മസമർപ്പണം ഉണ്ടായിരുന്നതുകൊണ്ടാണ്.

കേരളത്തിന്റെ വടക്കൻ പ്രദേശങ്ങളിലേക്ക് കുടിയേറിയവർക്കുവേണ്ടി തലശ്ശേരി രൂപത സ്ഥാപിതമായതും അതേ അടിസ്ഥാനത്തിൽത്തന്നെ. പിന്നീട് തലശ്ശേരി, ചങ്ങനാശ്ശേരി, തൃശൂർ രൂപതകളുടെ അതിർത്തികൾ അയൽസംസ്ഥാനങ്ങളായ കർണ്ണാടകത്തിലേക്കും തമിഴ്നാട്ടിലേക്കും വ്യാപിപ്പിച്ചതും കേരളത്തിനു പുറത്ത് നമുക്ക് മിഷൻ രൂപതകൾ നല്കപ്പെട്ടതും ഈയവസരത്തിൽ നാം സ്മരിക്കേണ്ടതാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ നവീകരണാശയങ്ങൾ നമ്മുടെ സഭയിലും ഒരു പുത്തൻ ഉണർവ്വ് സൃഷ്ടിക്കുകയും ചെയ്തു. ഒരു അതിരൂപതയും മൂന്നു രൂപതകളുമായി 75 വർഷം മുമ്പ് തുടങ്ങിയ സഭ ഇന്ന് നാല് അതിരൂപതകളിലും 18 രൂപതകളിലും 30 ലക്ഷത്തിലേറെ വിശ്വാസികളിലും എത്തിനില്ക്കുന്നു. നമ്മുടെ പിതാമഹന്മാർ നിരന്തരം ആഗ്രഹിച്ചതും അത്യദ്ധ്വാനം ചെയ്തതുമായ ഒരു സ്വപ്നത്തിന്റെ സാക്ഷാത്ക്കാരമായി മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയും ഇന്ന് നമ്മുടെ സഭയ്ക്കു ലഭ്യമായിരിക്കുന്നു.

www.malankaralibrary.com



ഈ വരുന്ന ഡിസംബർ 21-ാം തീയതി ഉച്ചകഴിഞ്ഞ് മൂന്നരമണിക്ക് ഹയരാർക്കി സ്ഥാപനത്തിന്റെ വജ്രജൂബിലിയുടെ കുർബാന നമ്മുടെ സഭയിലെ പിതാക്കന്മാർ ചേർന്ന് അർപ്പിക്കുന്നത് ഈ ഹയരാർക്കിയുടെ പ്രഥമ തലവനായിരുന്ന കണ്ടത്തിൽ അഗസ്റ്റിൻ മെത്രാപ്പോലീത്തായുടെ കബറിടം സ്ഥിതിചെയ്യുന്ന എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസ്ളിക്കയിലാണ്. ഇന്ന് നമ്മുടെ സഭയുടെ ശ്രേഷ്ഠമെത്രാപ്പോലീത്തായുടെ ആസ്ഥാനദേവാലയവുമാണത്. അന്നേ ദിവസം അധികമാർക്കും ഇവിടെവന്ന് കുർബാനയിൽ സംബന്ധിക്കുവാൻ സാധിക്കുകയില്ല. എങ്കിലും നിവൃത്തിയുള്ളവരെല്ലാവരും എവിടെയെങ്കിലും വി. കുർബാനയിൽ സംബന്ധിക്കുകയും നമ്മുടെ സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ സഭയ്ക്ക് വീണ്ടുമൊരു തലവനും പിതാവും ഉണ്ടായിയെന്നത് ഇവിടെ ഏറെ പ്രസക്തമാണ്. ഇതുമൂലം സാധ്യമാകുന്ന ഐക്യവും ഉത്തരവാദിത്തബോധവും ഇനിയും ഏറെ വർദ്ധിക്കേണ്ട കാലമാണ് നമ്മുടെ മുമ്പിലുള്ളത്. സഭയുടെ ഇതുവരെയുള്ള നേട്ടങ്ങൾക്കു പിന്നിൽ നിലകൊള്ളുന്നത് നമ്മുടെ പിതാക്കന്മാരും വൈദികരും സമർപ്പിതരും ദൈവജനം മുഴുവനും കാണിച്ച ഐക്യബോധവും കൂട്ടായ പ്രവർത്തനശൈലിയുമാണ്. അതിനിയും തുടരണം. അപ്രധാന കാര്യങ്ങളിൽ വഴക്കടിച്ച് ഊർജ്ജം വൃഥാ വ്യയംചെയ്താൽ അത്യാവശ്യകാര്യങ്ങളിൽ പ്രതിസന്ധിയുണ്ടാകുമെന്ന വസ്തുത നമുക്ക് മറക്കാതിരിക്കാം. കർത്താവിന്റെ സുവിശേഷം പ്രചരിപ്പിക്കുന്നതിനുള്ള നമ്മുടെ ഉത്തരവാദിത്തവും അതിനുള്ള തടസ്സങ്ങളും വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ നാം ആലസ്യംവിട്ട് എഴുന്നേല്ക്കേണ്ടതുണ്ട്. അതിനു നാം പ്രാപ്തരാകട്ടെ.

നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായോട് കർത്താവു പറഞ്ഞു: "നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു; കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ". "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്നേറ്റു പറഞ്ഞ് അവിടുത്തെ മുമ്പിൽ സാഷ്ടാംഗം വീഴാൻ തോമാശ്ലീഹായ്ക്കു ഭാഗ്യമുണ്ടായി. നഗ്നനേത്രങ്ങളിലൂടെ കാഴ്ചയുടെ ആ ഭാഗ്യം നമുക്കുണ്ടാകണമെന്നില്ല. പക്ഷേ വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ട് കാണുന്നവരുടെ ഭാഗ്യമാണ് നമുക്കു ലഭിച്ചിരിക്കുന്നത്. കയറിക്കിടക്കാൻ ഒരിടമില്ലാത്തവരിലും, ഒരു നേരത്തെ ഭക്ഷണത്തിനായി നമ്മുടെ മുമ്പിൽ കൈ നീട്ടുന്നവരിലും, രോഗത്തിന്റെ ദൈന്യതയിൽ കഴിയുന്നവരിലും, ശാരീരികവും മാനസികവുമായി പീഡിപ്പിക്കപ്പെടുന്നവരിലും എല്ലാം അവിടുത്തെ കാണാനുള്ള ഭാഗ്യമാണ്

www.malankaralibrary.com



നമുക്കു ലഭിച്ചിരിക്കുന്നത്. കാണാതെതന്നെ വിശ്വസിച്ചാൽ നമ്മളും ഭാഗ്യവാന്മാരാകും.

കഴിഞ്ഞ എഴുപത്തിയഞ്ചു വർഷം നമ്മെ നയിച്ച നമ്മുടെ പിതാക്കന്മാരുടെ സൗഭാഗ്യപൂർണ്ണമായ വിശ്വാസജീവിതത്തിന്റെ ഫലമനുഭവിക്കുന്ന നമുക്ക് ഈ ജൂബിലിവർഷം വിശ്വാസത്തിന്റെ പുനരർപ്പണത്തിനും അവർ നിധിപോലെ കാത്തുസൂക്ഷിച്ച ഐക്യദാർഢ്യവും ലക്ഷ്യബോധവും ഊട്ടിവളർത്തുന്നതിനും ഇടയാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടുംകൂടിയുണ്ടായിരിക്കട്ടെ.

(ഒപ്പ്)

മാർ വർക്കി വിതയത്തിൽ
സീറോ-മലബാർ സഭയുടെ
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ

എറണാകുളത്ത് മൗണ്ട് സെന്റ് തോമസിലുള്ള ശ്രേഷ്ഠമെത്രാപ്പോലിത്തൻ കാര്യാലയത്തിൽനിന്ന് 1998 ഡിസംബർ 1-ാം തീയതി നല്കപ്പെട്ടത്.

NB: *ഈ ഇടയലേഖനം 1998 ഡിസംബർ 17-ാം തീയതി കുർബാനമദ്ധ്യേ ഇടവകകളിലും മറ്റു സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.*

*Taking into consideration the request from some of the eparchies Mar Varkey Vithayathil, C.Ss.R., the Apostolic Administrator, sent the following note concerning a statement in the pastoral letter.*

**The Syro-Malabar Major Archiepiscopal Church of Ernakulam- Angamaly**

December 10, 1998

Your Grace/Excellency,

This is to inform you that the Pastoral Letter sent to you by the Chancellor of the Major Archiepiscopal Curia concerning the 75th anniversary of the establihsment of the Syro-Malabar Hierarchy was my official communication to you on this matter.

www.malankaralibrary.com



Since this Pastoral Letter is likely to be misinterpreted I hereby request you to amend it. Please omit the following sentence:

"1896-ൽ കോട്ടയം നിർത്തലാക്കപ്പെട്ടു. തൽസ്ഥാനത്ത് എറണാകുളം, ചങ്ങനാശ്ശേരി എന്നിങ്ങനെ രണ്ടു വികാരിയാത്തുകൾ സ്ഥാപിതമായി".

In its place please insert the following sentence:

"1896-ൽ ഈ വികാരിയാത്തുകളുടെ ഭരണാതിർത്തികൾ പുനഃസംവിധാനം ചെയ്ത് തൃശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നിങ്ങനെ മൂന്ന് അപ്പസ്തോലിക് വികാരിയാത്തുകൾ സ്ഥാപിക്കപ്പെട്ടു."

Thanking you for your attention to this matter and with fraternal regards,

Yours sincerely in our Lord ,

Sd/-

Archbishop Varkey Vithayathil
Apostolic Administrator
of the Syro-Malabar Church.

www.malankaralibrary.com



# MAJOR ARCHIEPISCOPAL ASSEMBLY

## PROGRAMME

**Monday, 9 November**

| | |
|---|---|
| 2:00 p.m - 4:00 p.m | Arrival, Registration |
| 4:00 p.m | Holy Qurbana |
| 6:00 p.m | Inaugural session |
| | Prayer |
| | Lighting of the lamp:<br>Cardinal Antony Padiyara<br>(Major Archbishop emeritus) |
| | Welcome & Inauguration:<br>Mar Varkey Vithayathil C.Ss.R.<br>(Apostolic Administrator) |
| | Introductory talk:<br>Mar Paul Chittilapilly<br>(Convener of the Synodal Committee<br>for the Major Archiepiscopal Assembly) |
| | *General Instructions* |
| 7:15 p.m. | Supper, departure to the respective residences, retire |

**Tuesday, 10 November**

| | |
|---|---|
| 6:30 a.m. | Departure from respective residences to Mount St. Thomas |
| 7:00 a.m. | Holy Qurbana |
| 8:00 a.m. | Breakfast |
| 9:00 a.m. -10:30 a.m. | Common Session I |

www.malankaralibrary.com



| | |
|---|---|
| | Interventions of representatives on working paper (3 minutes each; total 25 representatives ) |
| 11:00 a.m - 1:00 p.m | Group discussion: Session I |
| 1:00 p.m. | Lunch |
| 2:30 - 4:00 p.m. | Group discussion: Session II |
| 4:00 - 4:30 p.m | Tea |
| 4:30 - 6:00 p.m. | Group discussion: Session III |
| 6:00 - 6:30 p.m. | Free time |
| 6:30 - 7:00 p.m. | Evening prayers |
| 7:00 p.m. | Supper |
| 8:00 p.m | Departure to the respective residences, retire |

**Wednesday, 11 November**

| | |
|---|---|
| 6:30 a.m. | Departure from respective residences to Mount St. Thomas |
| 7:00 a.m. | Holy Qurbana |
| 8:00 a.m. | Breakfast |
| 9:00 a.m. -11:45 a.m. | Common Session II |
| | Reports of the first group discussion & interventions (5 minutes maximum for each group) |
| 11:45 a.m. -1:00 p.m. | Common Session III |
| | Reports of the second group discussion & interventions |
| 1:00 p.m | Lunch |
| 2:30 - 3:30 p.m | Common Session IV |

www.malankaralibrary.com



| | |
|---|---|
| | Reports of the second group discussion (continuation) & interventions |
| 3:30 - 4:00 p.m | Tea |
| 4:00 - 6:00 p.m | Common Session V |
| | Reports of the third group discussions & interventions |
| 6:00 - 6:30 p.m | Free time |
| 6:30 - 7:00 p.m. | Evening prayers |
| 7:00 p.m. | Supper |
| 8:00 p.m. | Departure to the respective residences, retire |

**Thursday, 12 November**

| | |
|---|---|
| 6:30 a.m. | Departure from respective residences to Mount St. Thomas |
| 7:00 a.m. | Holy Qurbana |
| 8:00 a.m. | Breakfast |
| 9:00 -10:00 a.m. | Common Session VI a |
| | Reading of the proposals and statement & receiving suggestions |
| 10:00 - 11:00 a.m. | Common Session VI b |
| | Individual interventions |
| 11:00 - 11:15 a.m | Coffee break |
| 11:15 a.m. - 12:15 p.m | Common Session VI c |
| | Reading of the redrafted text of the proposals and statement |
| | Concluding speech: Apostolic Administrator |

www.malankaralibrary.com



| | | |
|---|---|---|
| | Vote of thanks: Mar Emmanuel Pothanamuzhy CMI |
| 12:15 p.m. | Prayer service |
| 12:30 p.m. | Lunch, departure |

www.malankaralibrary.com



# മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി ഉദ്ഘാടനം ചെയ്തുകൊണ്ട് (9.11.98) മാർ വർക്കി വിതയത്തിൽ നടത്തിയ പ്രസംഗം

**അഭിവന്ദ്യ പിതാക്കന്മാരേ, യേശുവിൽ സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,**

സീറോ-മലബാർ സഭയിലെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ പ്രഥമസമ്മേളനം ഇന്നിവിടെ ആരംഭിക്കുകയാണ്. ഇത്തരുണത്തിൽ രണ്ടു ദൗത്യങ്ങളുമായിട്ടാണ് ഞാനിവിടെ നില്ക്കുന്നത്. നിങ്ങളെ ഓരോരുത്തരെയും ഈ സമ്മേളനത്തിലേക്കു സ്വാഗതം ചെയ്യുക, ഈ സമ്മേളനം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുക എന്നിവയാണവ. വളരെയധികം സന്തോഷത്തോടും ആത്മസംതൃപ്തിയോടുംകൂടിയാണ് ഞാൻ ആ കർത്തവ്യം നിർവ്വഹിക്കുന്നത്. എന്റെ കർത്തവ്യത്തിലേക്കു കടക്കുന്നതിനു മുമ്പായി ഏതാനും ആശയങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

നമ്മുടെ കർത്താവിന്റെ ശിഷ്യന്മാരിലൊരാളായ മാർ തോമായാൽ സ്ഥാപിതമായ നമ്മുടെ സഭയ്ക്ക് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി എന്ന സംവിധാനം പ്രഥമ സംഭവമാണെങ്കിലും ഇത്തരം മഹായോഗങ്ങൾ നമുക്കു പുതുമയല്ല. നമ്മെ സംബന്ധിച്ച് ഇവിടെ നിലവിലിരുന്ന പള്ളിപ്രതിപുരുഷയോഗത്തിന്റെ മറ്റൊരു രൂപം മാത്രമാണിത്. സഭ ദൈവജനത്തിന്റെ കൂട്ടായ്മയാണെന്നും ആ കൂട്ടായ്മയിലെ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കുന്നവരാണ് മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായരും എന്നുള്ള അടിസ്ഥാന കാഴ്ചപ്പാടാണ് പള്ളിപ്രതിപുരുഷയോഗത്തിന്റെ ആധാരശില. ഇന്നിവിടെ സമ്മേളിച്ചിരിക്കുന്നത് ആ കൂട്ടായ്മയിലെ പ്രതിനിധികളാണ്. ഇവിടെ നടക്കുന്ന ചർച്ചകളും ഈ സമ്മേളനം മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങളും അവർ പ്രതിനിധാനം ചെയ്യുന്ന ദൈവജനത്തിന്റെ ആശയങ്ങളും ആഗ്രഹങ്ങളും ആയിരിക്കണം. അവ സത്യത്തിലും നീതിയിലും അധിഷ്ഠിതവുമായിരിക്കണം. ഇവിടെയെടുക്കുന്ന തീരുമാനങ്ങൾ സിനഡിന്റെ അംഗീകാരം കൂടാതെ നിയമമാകുകയില്ല. എന്നാൽ, സഭയെ ജീവസ്സുറ്റതാക്കുന്ന ദൈവാത്മാവിനാൽ പ്രേരിതരായി ദൈവജനത്തിനു

www.malankaralibrary.com



കർത്താവിന്റെ രക്ഷ അനുഭവവേദ്യമാക്കാൻ ഉതകുന്ന തീരുമാനങ്ങ ളെടുക്കാൻ മേജർ ആർച്ച് ബിഷപ്പിനും സിനഡിനും സഹായകമാകും.

ആദിമനൂറ്റാണ്ടിൽത്തന്നെ സ്ഥാപിതമായ ഈ സഭ പല തരത്തി ലുള്ള പ്രതിസന്ധികളിലൂടെ കടന്ന് അസൂയാവഹമായ ഊർജ്ജസ്വല തയോടെ വളരുകയായിരുന്നു. കത്തോലിക്കാ കൂട്ടായ്മയിലെത്തന്നെ ഈ നൂറ്റാണ്ടിലെ അത്ഭുതമെന്നാണ് ചിലരെങ്കിലും നമ്മുടെ സഭയെ വിശേഷിപ്പിക്കുന്നത്. അതു തീർച്ചയായും അർത്ഥവത്താണ്. പാശ്ചാ ത്യരാജ്യങ്ങളിലേതുപോലുള്ള രാജകീയസംരക്ഷണമൊന്നും ഈ സഭയ്ക്ക് ഒരിക്കലും ലഭിച്ചിട്ടില്ല. തികച്ചും അക്രൈസ്തവമായ ചുറ്റു പാടുകളിൽ നമ്മുടെ സഭ വളർന്നുവന്നു. ഇതിനിടയിൽ വൈദേശികാ ധിപത്യംകൊണ്ടും മറ്റുമായി ആ വളർച്ചയ്ക്കു കോട്ടം സംഭവിച്ചിട്ടുണ്ട്. എങ്കിലും കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനപാദത്തിൽ നമുക്കു സ്വന്ത മായൊരു ഭരണസംവിധാനവും സ്വന്തം ജാതിയിലും റീത്തിലുംപെട്ട മെത്രാന്മാരെ കിട്ടുകയും ചെയ്തപ്പോൾ മുരടിച്ചുനിന്ന ആ വളർച്ച പൂർവ്വാധികം ശക്തിയോടെ ഉയിർത്തെഴുന്നേറ്റു. നമ്മുടെ സഭയിൽനി ന്നുള്ള വൈദികരും സമർപ്പിതരും ഇന്ന് ഇന്ത്യയിലും ഇന്ത്യയ്ക്കു പുറത്തും സഭാസേവനമനുഷ്ഠിക്കുന്നുണ്ട്. നമ്മുടെ കുടുംബങ്ങളുടെ ഭദ്രതയും വിശുദ്ധിയും പ്രാർത്ഥനാന്തരീക്ഷവുമാണ് ഇതിനു നിദാന മായി നിലകൊള്ളുന്നത് എന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു. മാധ്യ മങ്ങളുടെ കടന്നുകയറ്റവും പട്ടണജീവിതശൈലിയും ഈ സ്ഥിതിവി ശേഷത്തിനു മങ്ങലേല്പിച്ചു തുടങ്ങിയിട്ടുണ്ട്. ഈ അവസ്ഥയെ നാം ഗൗരവപൂർവ്വം കണ്ട് ഉചിതമായ കർമ്മപരിപാടികൾ അതിനെതിരെ ആവിഷ്കരിക്കണം.

ഇതിനും പുറമേ നമ്മുടെ സഭ വേറൊരു പ്രതിസന്ധിഘട്ടത്തി ലൂടെ കടന്നുപോകുന്ന അവസരത്തിലാണ് ഈ സമ്മേളനം നടക്കു ന്നത് എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. മാർത്തോമ്മാ നസ്രാ ണികളുടെ ചരിത്രത്തിൽ പ്രതിസന്ധി ഘട്ടങ്ങളുണ്ടായപ്പോൾ ഈ സഭ യുടെ രക്ഷയ്ക്ക് എത്തിയിട്ടുള്ളത് പള്ളിപ്രതിപുരുഷയോഗങ്ങളാണ്. ഇന്നും സ്ഥിതി വ്യത്യസ്തമല്ല. ആരാധനക്രമത്തിന്റെയും അനുബന്ധ വിഷയങ്ങളുടെയും കാര്യത്തിലുണ്ടായ അഭിപ്രായവ്യത്യാസങ്ങൾ സഭയെ അടിമുടി ബാധിച്ചിരിക്കുന്നു. നൂറ്റാണ്ടുകൾ അന്യസഭയിൽപ്പെട്ട മെത്രാന്മാരുടെ ഭരണത്തിൻകീഴിൽ കഴിഞ്ഞതിനുശേഷം നാട്ടുമെത്രാ ന്മാരുടെ നേതൃത്വത്തിൽ അഭൂതപൂർവ്വകവും അത്ഭുതാവഹകവുമായ വളർച്ച നേടിയ നമ്മുടെ സഭ മുരടിച്ചുനില്ക്കുകയാണെന്നു തോന്നുന്നു. മാത്രമല്ല, ഭൂരിപക്ഷം അന്യമതസ്ഥരുള്ള ഈ മഹാരാജ്യത്ത് നമ്മുടെ

www.malankaralibrary.com



അസ്ഥിത്വം ഒരു പ്രതിസാക്ഷ്യമായിത്തീർന്നിരിക്കുന്നു. ഈ അവസ്ഥയിൽ നമ്മെ നേരിടുന്ന പല വെല്ലുവിളികളെയും നേരിടാൻ കരുത്തില്ലാതെ നാം പകച്ചുനില്ക്കുകയാണ്.

ഇന്നു ഭാരതത്തിൽ നാം സാമൂഹികമായും രാഷ്ട്രീയമായും ഒറ്റപ്പെടലിന്റെ വക്കിലാണ്. അത് ഇനിയും വഷളാകുമോ എന്നും ഭയപ്പെടേണ്ടിയിരിക്കുന്നു. ക്രൈസ്തവരെന്ന നിലയിൽ നമ്മുടെ അസ്തിത്വം തന്നെ ചോദ്യംചെയ്യപ്പെടുന്നു. അസ്തിത്വത്തിനുവേണ്ടിയുള്ള നെട്ടോട്ടത്തിൽ മൗലികമായ ലക്ഷ്യങ്ങൾ പ്രാപിക്കാനാകാതെ പോകുന്നു.

സഭയുടെ മൗലികലക്ഷ്യമെന്താണ്? കർത്താവു തന്ന രക്ഷ നമുക്കും നമ്മുടെ ഭാവിതലമുറയ്ക്കും അനുഭവവേദ്യമാക്കുകയാണത്. നമ്മുടെ സംവിധാനങ്ങളെല്ലാം അതിന് ഉതകുന്നവയാകണം. യേശുവിന്റെ സന്ദേശം കടന്നുചെല്ലാത്ത അനേകം കോടി ജനങ്ങൾ ഇവിടെയുണ്ട്. അവരിലേക്കു കർത്താവിന്റെ സന്ദേശമെത്തിക്കാനുള്ള ദൗത്യത്തിൽ നാം വിജയിച്ചുവെന്നു പറയാനാകുമോ? സാമൂഹികമായ തലത്തിൽ നാം ധാരാളം ചെയ്യുന്നുണ്ട്. എന്നാൽ അവ ക്രമേണ കർത്താവിന്റെ അരൂപിയില്ലാത്തവയായി മാറുകയാണോ എന്നും സംശയിക്കണം. പണമുള്ള ആർക്കും സാമൂഹികസേവനം നടത്താം. പക്ഷേ കർത്താവിന്റെ കരസ്പർശനമായി ആ സേവനം അനുഭവപ്പെടുമ്പോഴേ അതു ക്രൈസ്തവമാകുകയുള്ളൂ. സഭയിലെ ആന്തരികമായ അനൈക്യം ഇതിനുപോലും തടസ്സമാകുന്നുണ്ടോ എന്നും പരിശോധിക്കേണ്ടതുണ്ട്. അനൈക്യം ഇവിടെ മാത്രമല്ല നമ്മുടെ സഭാംഗങ്ങൾ എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം വ്യാപിച്ചിട്ടുണ്ടെന്നുള്ളത് ഏറെ വേദനാജനകമാണ്. അടുത്ത കാലത്ത് അമേരിക്കയിലുള്ള പല സീറോ-മലബാർ സമൂഹങ്ങളെയും ഞാൻ സന്ദർശിക്കുകയുണ്ടായി. ഇക്കാര്യം തദവസരത്തിൽ എന്നോട് അവർ പങ്കുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

ഈയവസരത്തിൽ, മാർപാപ്പ എനിക്കു തന്ന നിയമനപത്രത്തിൽ പറഞ്ഞിരിക്കുന്ന കാര്യം ഞാൻ പ്രത്യേകം ഓർക്കുന്നു: "അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ താങ്കൾക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ദൗത്യം ഈ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ ആയപ്പോൾ മുതലുണ്ടായ വികസനത്തെ തുടർന്നുകൊണ്ടുപോകുകയും കർത്താവിനോടു വിശ്വസ്തനായിരിക്കാൻ പരിശ്രമിക്കുന്ന ഓരോ സഭയും നടത്തുന്ന ആത്മവിചിന്തനത്തെ പരിപോഷിപ്പിക്കുകയുമാണ്. ഈ വികസനത്തിന്റെ ലക്ഷ്യം കൂടുതൽ ഫലവത്തായ കൂട്ടായ്മയും അജപാലനപരമായ ഫലദായകത്വവും ഉണ്ടാക്കിയെടുക്കുകയാണ്." മാർപാപ്പ പിന്നീട് എന്നെ കണ്ടപ്പോഴെല്ലാം ഇക്കാര്യം എന്നെ ഓർമ്മ

www.malankaralibrary.com



പ്പെടുത്തിയിട്ടുണ്ട്. ഈ അസംബ്ലിയെ സംബന്ധിച്ചും എനിക്കു പറയാനുള്ളത് അതുതന്നെയാണ്. സഭാംഗങ്ങൾ തമ്മിലുള്ള കൂട്ടായ്മയും അജപാലനപരമായ കാര്യങ്ങളിൽ കൂടുതൽ ഫലദായകത്വവും ഉണ്ടാകുവാൻ ഈ അസംബ്ലി ഇടയാക്കണം. അതിനായി നിങ്ങളുടെ സഹകരണം ഞാൻ അപേക്ഷിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്നു.

ഇതിനുള്ള മാർഗ്ഗമെന്താണ്? ആദ്യമായി വരേണ്ടത് ഹൃദയങ്ങളുടെ കൂട്ടായ്മയാണ്. .അസംബ്ലിയുടെ നിയമാവലിതന്നെ അക്കാര്യം എടുത്തുപറയുന്നുണ്ട്. അകന്നുപോയതിനെയെല്ലാം നാം അടുപ്പിച്ചേ മതിയാകൂ. സംസാരത്തിലും എഴുത്തിലുമൊക്കെ മനസ്സുകളെ അകറ്റുന്ന പലതും നാം ചെയ്തിട്ടുണ്ട്. മേലിൽ അങ്ങനെയൊന്നും നമ്മുടെ ഭാഗത്തുനിന്നു ചെയ്യുകയില്ലെന്നും, ചെയ്യാൻ പ്രോത്സാഹനം കൊടുക്കുകയില്ലെന്നും നാം ഇവിടെ തീരുമാനിക്കണം. ഇക്കാര്യം എന്റെ സഹോദരമെത്രാന്മാരോട് ഉൾപ്പെടെയാണ് ഞാൻ പറയുന്നത്.

ഈ അസംബ്ലിയിൽ പ്രധാനമായും ഗ്രൂപ്പുചർച്ചകൾക്കാണ് പ്രാമുഖ്യം. പല രൂപതകളിൽപ്പെട്ടവർ, പല വീക്ഷണങ്ങളിലുള്ളവർ ഇവിടെ വന്നിട്ടുണ്ട്. അവർക്കു പരസ്പരം അറിയാനും ആശയസംവാദം നടത്താനുമുള്ള വേദിയാണിത്. പരസ്പരം ബഹുമാനത്തോടും ആദരവോടുംകൂടി നിങ്ങൾ ശ്രവിക്കണം. നമ്മളാരും സത്യത്തിന്റെ കുത്തകക്കാരല്ല. നമുക്കു പിടിവാശികളുണ്ടെങ്കിൽ അവ ഉപേക്ഷിക്കണം. ചേരിതിരിവുകൾ മാറ്റിവയ്ക്കണം. നമ്മൾ ചർച്ച ചെയ്യുന്നത് സഭയുടെ പ്രശ്നങ്ങളാണ്. ഏതെങ്കിലും ഭാഗത്തിന്റെ ആശയങ്ങളല്ല. നിങ്ങൾക്കൊന്നും അറിഞ്ഞുകൂടാ, ഞങ്ങൾ മാത്രമേ പഠിച്ചിട്ടുള്ളൂ എന്ന ഭാവവും ആർക്കും ഉണ്ടാകാതിരിക്കട്ടെ. നാമെല്ലാവരും ബുദ്ധിയുള്ളവരാണല്ലോ! കാര്യങ്ങൾ പഠിക്കുന്നവരുമാണ്. പഠിച്ചിട്ട് വിവിധ തരം ബോദ്ധ്യങ്ങളിൽ എത്തിച്ചേരുന്നു എന്നതാണു കാര്യം. ഞങ്ങൾ പറയുന്നതു കേട്ടില്ലെങ്കിൽ നിങ്ങളെ കോടതി കയറ്റും എന്ന ചിന്തയും ക്രൈസ്തവമല്ല. പൗലോസ് ശ്ലീഹായുടെ വാക്കുകൾ അതിശക്തമാണ്: "നിങ്ങളുടെയിടയിൽ ഭിന്നതകളുണ്ടാകരുത്; ഉണ്ടായാൽത്തന്നെ നിങ്ങൾക്കു ലജ്ജയില്ലേ, പുറജാതിക്കാരായ ന്യായാധിപരുടെ അടുത്തേക്കു കൊണ്ടുപോകാൻ." സഭയിലെ പ്രശ്നങ്ങൾ സഭാസംവിധാനങ്ങളിലൂടെയാണ് പരിഹരിക്കപ്പെടേണ്ടത്.

പരിശുദ്ധ സിംഹാസനത്തിന്റെ നിർദ്ദേശങ്ങളെക്കുറിച്ചും അനുസരണത്തെക്കുറിച്ചുമെല്ലാം വ്യാഖ്യാനങ്ങളിൽ വ്യത്യാസമുണ്ടാകാം. അതങ്ങനെയാണ്. അതിനെ സഭയോടുള്ള സ്നേഹക്കുറവായോ അറി

www.malankaralibrary.com



വില്ലായ്മയായോ വ്യാഖ്യാനിക്കരുത്. ആരും സഭയെ സ്നേഹിക്കാത്തവരാണെന്നു മുദ്ര കുത്തപ്പെടുകയും ചെയ്യരുത്.

നമുക്കറിയാം സഭയെന്നു പറയുന്നത് നാം—ദൈവജനമാണ്. ഈ ദൈവജനം ജീവിക്കുന്നത് ഒരു പ്രത്യേക സാഹചര്യത്തിലാണ്. കാലവും സമയവുമനുസരിച്ച് സാഹചര്യങ്ങൾ മാറിക്കൊണ്ടിരിക്കും. അതേസമയം നമുക്കു മുമ്പേ കടന്നുപോയവരുടെ പിന്തുടർച്ചയാണു നാമെന്ന കാര്യം വിസ്മരിക്കരുത്. ഇങ്ങനെയുള്ള, ഈ സഭയോടുള്ള സ്നേഹമാണ് യഥാർത്ഥ സഭാസ്നേഹമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ദൈവജനത്തെ ലോകത്തിനു മുമ്പിൽ പരിഹാസപാത്രങ്ങളാക്കുന്ന നടപടിക്രമങ്ങൾ സഭാമക്കൾക്കു ഭൂഷണമല്ല. അതിനെ സഭാസ്നേഹമായി ആരെങ്കിലും ആത്മാർത്ഥമായി കണക്കാക്കുമെന്ന മിഥ്യാധാരണയും നാം വച്ചുപുലർത്തേണ്ടതില്ല.

നിങ്ങളുടെ ചർച്ചകളിലും ആശയസംവാദങ്ങളിലും ഞാനീ സൂചിപ്പിച്ച കാര്യങ്ങൾ അടിസ്ഥാനമാകണം. നമ്മൾ സ്നേഹിക്കേണ്ടത് ഏതെങ്കിലും ആശയത്തെയോ സ്ഥാപനത്തെയോ വ്യക്തിയെയോ അല്ല. പ്രത്യുത ദൈവപുത്രനായ യേശുവിന്റെ രക്ഷാകരസന്ദേശം ഏറ്റുവാങ്ങി അത് ജീവിതത്തിൽ പ്രായോഗികമാക്കാൻ ശ്രമിക്കുന്ന ദൈവജനത്തെയാണ്.

നമുക്ക് ഏറ്റവുമധികം ഉത്ക്കണ്ഠയുള്ള ഒരു മേഖലയാണ് ആരാധനക്രമം. ഇന്നുള്ള പല അഭിപ്രായവ്യത്യാസങ്ങളും അച്ചടക്കരാഹിത്യവുമെല്ലാം ഇതിനെ ചുറ്റിപ്പറ്റിയാണ് നിലകൊള്ളുന്നത്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ നാം ഒരു ധാരണയിൽ എത്തേണ്ടതും അത്യാവശ്യമാണ്. ആത്മാവിന്റെ സ്വരം ശ്രവിക്കാനായി സ്വന്തം ഹൃദയത്തെ മലർക്കെ തുറന്നിടുന്നവർക്ക് അത് അസാധ്യമാണെന്നു ഞാൻ കരുതുന്നില്ല. അതിനും നാം ആത്മാവിന്റെ സ്വരത്തിനു കാതോർക്കണം. നിങ്ങൾ തീക്ഷ്ണമായി പ്രാർത്ഥിക്കണം.

ഇക്കാര്യം ഞങ്ങൾ മെത്രാന്മാർ സിനഡിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അന്തിമമായി എല്ലാവർക്കും ഏകദേശമെങ്കിലും സ്വീകാര്യവും ആരെയും പരാജയപ്പെടുത്തുകയോ വിജയിപ്പിക്കുകയോ ചെയ്യാത്തതുമായ ഒരു തീരുമാനത്തിലെത്തിച്ചേരാൻ ഈ അസംബ്ലി കഴിയുമ്പോൾ ഞങ്ങൾക്കു കഴിയുമെന്നു വിശ്വസിക്കുന്നു. അതിനാൽ, നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വളരെ വിലപ്പെട്ടതാണ്.

"സീറോ-മലബാർ സഭ മൂന്നാം സഹസ്രാബ്ദത്തിലേക്ക്; ദൗത്യവും സാക്ഷ്യവും" എന്നതാണല്ലോ ഈ സമ്മേളനത്തിന്റെ ചർച്ചാ

www.malankaralibrary.com



വിഷയം. സമ്പൂർണ്ണമായും നവീകരിക്കപ്പെട്ട ഒരു സീറോ-മലബാർ സഭയാണ് അടുത്ത സഹസ്രാബ്ദത്തിൽ നാം കണ്ടുമുട്ടേണ്ടത്. കാല-ദേശ-ഭാഷകൾക്കനുസരിച്ച് നവീകരിക്കപ്പെട്ട ഒരു സഭ; തന്റെ മണവാളനായ യേശുക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്ന ഒരു സഭ; സീറോ-മലബാർ സഭ അതായിത്തീരട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. പരിശുദ്ധ അമ്മയുടെ മാധ്യസ്ഥവും നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ സഹായവും ഇക്കാര്യത്തിൽ നമുക്കുണ്ടാകട്ടെ.

ഞാനെന്റെ കർത്തവ്യത്തിലേക്കു കടക്കട്ടെ. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ നമ്മുടെ സഭയുടെ ഒരു ചെറുരൂപമാണിത്. നിങ്ങളെല്ലാവരും വളരെ ഭാരിച്ച ഉത്തരവാദിത്തങ്ങൾ വഹിക്കുന്നവരാണെന്ന് എനിക്കറിയാം. ഇന്ത്യയുടെ എല്ലാ ഭാഗത്തുനിന്നും വിദേശത്തുനിന്നും നമുക്കിവിടെ പ്രതിനിധികളുണ്ട്. സഭയോടുള്ള നിങ്ങളുടെ സ്നേഹവും പ്രതിബദ്ധതയുമാണ് ബുദ്ധിമുട്ടുകൾ സഹിച്ചും ഇവിടെ എത്തിച്ചേരുവാൻ നിങ്ങളെ പ്രേരിപ്പിച്ചതെന്ന് എനിക്കു ബോദ്ധ്യമുണ്ട്. നിങ്ങളെല്ലാവരെയും വളരെ സ്നേഹത്തോടെ ഹാർദ്ദവമായി ഈ സമ്മേളനത്തിലേക്കു ഞാൻ സ്വാഗതം ചെയ്യുന്നു. ഈ ദിവസങ്ങളിൽ നിങ്ങളുടെ ഇവിടത്തെ താമസം സന്തോഷപ്രദമാകട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.

അതോടൊപ്പം, എന്റെ രണ്ടാമത്തെ കർത്തവ്യം: ഈ സമ്മേളനം, നാമെല്ലാവരും ആഗ്രഹിക്കുന്ന ഒരേ മനസ്സും ഒരേ ഹൃദയവും സംജാതമാക്കട്ടെ എന്നാശംസിച്ചുകൊണ്ട് ഉദ്ഘാടനം ചെയ്യുകയും ചെയ്യുന്നു.

മൗണ്ട് സെന്റ്തോമസ് — മാർ വർക്കി വിതയത്തിൽ
9-11-1998 — അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ

www.malankaralibrary.com



# മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ അവതരണരേഖയ്ക്ക് ഒരാമുഖം

## മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ ഉദ്ഘാടനത്തിനുശേഷം വിഷയാവതരണരേഖ വിശദീകരിച്ചുകൊണ്ട് അസംബ്ലിക്കായുള്ള കമ്മീഷൻ ചെയർമാൻ

## മാർ പോൾ ചിറ്റിലപ്പിള്ളി ചെയ്ത പ്രസംഗം

സീറോ-മലബാർ സഭയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ വർക്കി വിതയത്തിൽ പിതാവേ, അത്യുന്നത കർദ്ദിനാൾ ആന്റണി പടിയറ പിതാവേ, അഭിവന്ദ്യരായ മെത്രാപ്പൊലീത്തമാരേ, മെത്രാന്മാരേ, ബ. മോൺസിഞ്ഞോർമാരേ, സന്ന്യസ്തരുടെ ബ. ജനറൽമാരേ, ബ. അച്ചന്മാരേ, ബ. സിസ്റ്റേഴ്സ്, ബ. ബ്രദേഴ്സ്, സീറോ-മലബാർ സഭയിലെ പ്രശസ്തരും തെരഞ്ഞെടുക്കപ്പെട്ടവരുമായ സഹോദരീസഹോദരന്മാരേ,

അഭിവന്ദ്യ വർക്കി പിതാവ് ഉദ്ഘാടനപ്രസംഗത്തിൽ ഈ അസംബ്ലിയുടെ ലക്ഷ്യത്തെപ്പറ്റിയും ഇതിൽ സംബന്ധിക്കുന്നവർക്കുണ്ടായിരിക്കേണ്ട മനോഭാവത്തെപ്പറ്റിയും ലക്ഷ്യം നേടാൻ നാം സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെപ്പറ്റിയും ഊന്നിപ്പറയുകയുണ്ടായി. അതിന്റെ തുടർച്ചയായി നാം ചർച്ച ചെയ്യാൻ പോകുന്ന "വിഷയാവതരണരേഖ"യെപ്പറ്റിയും അതിന്റെ ഉള്ളടക്കത്തെപ്പറ്റിയും ഏതാനും ആശയങ്ങൾ നിങ്ങളുമായി ഞാൻ പങ്കുവയ്ക്കുകയാണ്.

പൗരസ്ത്യസഭകൾക്കായുള്ള കാനൻ നിയമസംഹിത 140 മുതൽ 145 വരെയുള്ള കാനോനകളിലാണ് ഇത്തരം അസംബ്ലിയെപ്പറ്റി പ്രതിപാദിക്കുന്നത്. പാട്രിയാർക്കൽ അസംബ്ലിയാണ് അവിടെ പ്രതിപാദിക്കപ്പെടുന്നതെങ്കിലും മേജർ ആർക്കി എപ്പിസ്കോപ്പൽ സഭകൾക്കും അവ ബാധകമാണെന്ന് കാനൻ നിയമം വ്യക്തമാക്കിയിട്ടുണ്ട് (C. 152). അഞ്ചു വർഷത്തിലൊരിക്കലെങ്കിലും അസംബ്ലി നടത്തിയിരിക്കണമെന്നാണ് നിയമം. നമ്മുടെ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി അംഗീകരിക്കപ്പെട്ടിട്ട് ഇപ്പോൾ ആറു വർഷം തികയാൻ പോകുന്നു. ഇതിനിടയ്ക്ക് കാനൻ നിയമത്തിനു വിധേയമായി ഈ

www.malankaralibrary.com



അസംബ്ലി നടത്തേണ്ട രീതികളെ സംബന്ധിച്ച് പ്രത്യേക നിയമങ്ങൾ ഉണ്ടാക്കാൻ നമുക്കു കഴിഞ്ഞു. എന്നാൽ, ബാലാരിഷ്ടതകൾ ഇനിയും പിന്നിടാത്ത നമ്മുടെ സഭയ്ക്ക് ഇപ്പോൾ മാത്രമാണ് അസംബ്ലി വിളിച്ചുകൂട്ടുവാൻ സാധിച്ചത്.

1998 ജനുവരി മാസത്തിൽ ഇവിടെ കൂടിയ സീറോ-മലബാർ സിനഡിലാണ് ഈ അസംബ്ലി വിളിച്ചുകൂട്ടുവാനുള്ള തീരുമാനം കൈക്കൊണ്ടത്. അതിനെത്തുടർന്ന് മേജർ ആർച്ചുബിഷപ്പിന്റെ ചുമതല വഹിക്കുന്ന അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ വർക്കി വിതയത്തിൽ അസംബ്ലി വിളിച്ചുകൂട്ടിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. ഇത്രയും പ്രധാനപ്പെട്ട ഈ സമ്മേളനത്തിന്, സഭയെ ഒന്നായി ഒരുക്കുവാൻ, ഈ കാലഘട്ടം പര്യാപ്തമായിരുന്നു എന്ന വിശ്വാസം എനിക്കില്ല. എങ്കിലും, നമ്മുടെ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് അതു ചെയ്യുവാൻ ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്.

ഇതിനുവേണ്ടി മാർ എമ്മാനുവൽ പോത്തനാമുഴിയും മാർ ജോർജ്ജ് ആലഞ്ചേരിയും ഞാനും ഉൾക്കൊള്ളുന്ന ഒരു എപ്പിസ്കോപ്പൽ കമ്മീഷനെ നിശ്ചയിച്ചു. ഇവരുടെ നേതൃത്വത്തിൽ നമ്മുടെ രൂപതകളിൽനിന്നും സമർപ്പിതസമൂഹങ്ങളിൽനിന്നും സെമിനാരികളിൽനിന്നും അല്മായ സംഘടനകളിൽനിന്നുമുള്ള പ്രതിനിധികളുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി. നമ്മുടെ സഭയുടെ ഭാവിയിലെ ദൗത്യവും അസംബ്ലിയിൽ ചർച്ചയ്ക്കു വരേണ്ട വിഷയവും എന്തായിരിക്കണമെന്നു ചിന്തിക്കുവാൻ ഇതുപകരിച്ചു. തുടർന്ന് മെത്രാന്മാരുമായി ആലോചിച്ച് രൂപതാ പ്രതിനിധികളും മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയ അംഗങ്ങളും എപ്പിസ്കോപ്പൽ കമ്മീഷൻ അംഗങ്ങളും അടങ്ങുന്ന സെൻട്രൽ കമ്മിറ്റിക്ക് രൂപംകൊടുത്തു. ഈ കമ്മിറ്റി നിശ്ചയിച്ച ഒരു വിദഗ്ദ്ധ കമ്മിറ്റിയാണ് 'മാർഗ്ഗരേഖ'യ്ക്ക് രൂപംകൊടുത്തത്. ഈ മാർഗ്ഗരേഖ സെൻട്രൽ കമ്മിറ്റി ചർച്ച ചെയ്ത് അംഗീകരിക്കുകയും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുടെ അംഗീകാരത്തോടെ പഠനത്തിനും അഭിപ്രായത്തിനുമായി എല്ലാ രൂപതകളിലേക്കും പ്രാതിനിധ്യ പ്രാധാന്യമുള്ള സ്ഥാപനങ്ങളിലേക്കും അയച്ചുകൊടുക്കുകയും ചെയ്തു. മാർഗ്ഗരേഖയുടെ അവസാനം കൊടുത്തിരുന്ന ചോദ്യങ്ങൾ അടിസ്ഥാനമാക്കിയായിരുന്നു അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കേണ്ടിയിരുന്നത്. ഏതൊരു സഭാംഗത്തിനും ഈ അസംബ്ലിയിലേക്ക് നിർദ്ദേശങ്ങൾ എഴുതിയറിയിക്കാൻ അവകാശം നല്കിയിരുന്നു. അപ്രകാരം രൂപതകളും സ്ഥാപനങ്ങളും ധാരാളം വ്യക്തികളും നിർദ്ദേശങ്ങൾ എഴു

www.malankaralibrary.com



തിയറിയിക്കുകയുണ്ടായി. അവയെല്ലാംതന്നെ ഒരു വിദഗ്ദ്ധസംഘത്തിന്റെ സഹായത്തോടെ ക്രോഡീകരിക്കാൻ കഴിഞ്ഞുവെന്ന് സന്തോഷത്തോടെ അറിയിക്കട്ടെ.

ഇപ്രകാരം കിട്ടിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കണക്കിലെടുത്തുകൊണ്ടാണ് ഇപ്പോൾ ചർച്ചയ്ക്കു വിഷയമാക്കുന്ന വിഷയാവതരണരേഖ തയ്യാറാക്കിയത്. ഇതിന്റെ കരടുരൂപം സ്ഥിരം സിനഡ് അംഗീകരിക്കുകയും പൂർണ്ണരൂപത്തിൽ അസംബ്ലി അംഗങ്ങൾക്ക് അയച്ചുകൊടുക്കുകയും ചെയ്തു. അപ്രകാരം നിങ്ങൾക്കു ലഭിച്ച ഈ രേഖ നിങ്ങളുടെ പഠനത്തിന് വിഷയമായിട്ടുണ്ടെന്ന് ന്യായമായും ഞാൻ അനുമാനിക്കുന്നു. ഈ രേഖയുടെ അടിസ്ഥാനത്തിലായിരിക്കും ഇവിടെ നമ്മുടെ ചർച്ചകൾ നടക്കുന്നത്. ചർച്ചകളെ സഹായിക്കാൻ പ്രത്യേകം ചോദ്യങ്ങൾ ചർച്ചയ്ക്കു മുമ്പ് നല്കുന്നതാണ്.

മൂന്നു ഭാഗങ്ങളാണല്ലോ ഈ രേഖയ്ക്കുള്ളത്. സഭയെക്കുറിച്ചുള്ള അടിസ്ഥാന കാഴ്ചപ്പാടുകളാണ് ഒന്നാം ഭാഗത്ത്. നമ്മുടെ കർത്താവിന്റെ ശ്ലീഹന്മാരിൽ ഒരാളായ തോമാശ്ലീഹ സ്ഥാപിച്ചതാണ് ഇന്ത്യയിലെ നമ്മുടെ സഭ. ചരിത്രത്തിന്റെ ഗതിവിഗതികളിൽ ആദ്യം പൗരസ്ത്യസുറിയാനി സഭയുമായും പിന്നീട് പാശ്ചാത്യസഭയുമായും ബന്ധപ്പെട്ടു. ഈ ബന്ധങ്ങൾ നമുക്ക് വളരെയേറെ നന്മയ്ക്കും ചില നഷ്ടത്തിനും കാരണമായിട്ടുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തിൽ, മുമ്പു നമുക്കു നഷ്ടപ്പെട്ടുപോയ സ്വന്തമായ സംവിധാനങ്ങളും ഭരണക്രമങ്ങളും ഒരു ചെറിയ അളവിൽ തിരിച്ചുകിട്ടി. അന്നുമുതൽ നമ്മുടെ സഭയുടെ വളർച്ച അഭൂതപൂർവ്വകമായിരുന്നു. ഇന്നത് കത്തോലിക്കാ സഭയിലെ ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി വളർന്നിരിക്കുന്നു.

കത്തോലിക്കാ സഭാസമൂഹങ്ങളിലെ അന്തഃസത്ത ഒന്നുതന്നെയാണ്. അതായത് ഈശോമിശിഹായിലൂടെ വെളിപ്പെടുത്തപ്പെട്ട പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയിൽ ഒന്നുചേരുന്ന അനുഭവം. എന്നാൽ, ഈ അനുഭവം പ്രകാശിതമാകുന്നത് ഓരോ ജനതയുടെയും സാംസ്കാരിക പ്രത്യേകതകളിലൂടെ ക്രിസ്ത്വാനുഭവത്തിൽ പങ്കുചേരുന്നതുവഴിയാണ്. ഭാഷ, സംസ്കാരം, ആചാരരീതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ആരാധനക്രമം വ്യത്യസ്തരൂപം പ്രാപിക്കുന്നു. ഈ ഘടകങ്ങൾ ഭരണക്രമത്തെയും സ്വാധീനിക്കുന്നു. ക്രിസ്ത്വാനുഭവത്തിൽ ഊന്നിയുള്ള പ്രസ്തുത സമൂഹത്തിന്റെ ജീവിതരീതി സ്വന്തമായ ആദ്ധ്യാത്മികതയ്ക്ക് കാരണമാകുന്നു. ഇവയുടെ പശ്ചാത്തലത്തിൽത്തന്നെ ദൈവാവിഷ്കൃതസത്യം വിശദീകരിക്കാൻ കഴിയുന്ന

www.malankaralibrary.com



തുകൊണ്ട് സ്വന്തമായ ദൈവശാസ്ത്രത്തിനു പ്രസക്തിയുണ്ടാകുന്നു. ഈ വൈവിദ്ധ്യങ്ങളാണ് ഗതകാലങ്ങളിൽ വ്യക്തിസഭകൾക്കു രൂപം കൊടുത്തിട്ടുള്ളത്. ഭാരതസഭയ്ക്കും വ്യക്തിഗതമായി അംഗീകരിക്കപ്പെടാനുള്ള ഈ സവിശേഷതകളുണ്ടെന്ന് നമ്മുടെ സഭയുടെ ചരിത്രം വ്യക്തമാക്കി കഴിഞ്ഞിട്ടുണ്ട്.

സഭ ഒരു ആരാധനാസമൂഹമാണ്. സ്നേഹക്കൂട്ടായ്മയിൽ അടിസ്ഥിതമല്ലാത്ത ആരാധന നിഷ്ഫലമാണ്. സ്നേഹക്കൂട്ടായ്മയുടെ ബാഹ്യപ്രകടനമാണ് ആരാധനക്രമത്തിൽ ബാഹ്യഭാവങ്ങൾ.

ആരാധനയും ആരാധനക്രമവും രണ്ടാണ്. ആരാധനക്രമത്തിന്റെ കാര്യത്തിൽ നാം പൗരസ്ത്യസുറിയാനി സഭയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അത് ചരിത്രപരമായ ഒരു വസ്തുതയാണ്. എന്നാൽ, ഈ ആരാധനക്രമം മാറ്റങ്ങൾക്കും അനുരൂപണങ്ങൾക്കും വിധേയമല്ലാത്ത ഒന്നാണ് എന്നുവരുന്നില്ല. കേരളത്തിലും ഭാരതത്തിലെ ഏതൊരു സംസ്ഥാനത്തിലും വിദേശരാജ്യത്തും വസിക്കുന്ന നമ്മുടെ സഭാംഗങ്ങളുടെ സാംസ്കാരിക പശ്ചാത്തലത്തിൽ ഈ അനുരൂപണം പലതരത്തിൽ സാധിക്കേണ്ടതുണ്ട്. നമ്മുടെ ആരാധനക്രമത്തിന് നഷ്ടപ്പെട്ട പൈതൃകം വീണ്ടെടുക്കുന്നതും ഈ കാലഘട്ടം ആവശ്യപ്പെടുന്ന അനുരൂപണത്തിനു തയ്യാറാകുന്നതും നമ്മുടെ അടിയന്തിരശ്രദ്ധ ആവശ്യപ്പെടുന്ന കാര്യങ്ങളാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസ് നല്കിയിട്ടുള്ള ഉൾക്കാഴ്ചകൾ ഇക്കാര്യത്തിൽ നാം സ്വീകരിക്കണം. അതിന്റെ പേരിൽ നാം ഭിന്നിക്കുന്നത് ഒരിക്കലും നീതീകരിക്കാനാവില്ല.

മാർഗ്ഗരേഖയ്ക്കു കിട്ടിയ പ്രതികരണങ്ങൾ മിക്കവയും ഉത്ക്കണ്ഠ രേഖപ്പെടുത്തിയ ഒരു കാര്യമാണ് ഇന്നത്തെ ആരാധനക്രമവിവാദവും അനുബന്ധ വിഷയങ്ങളും. നമ്മുടെ ഈ ദിവസങ്ങളിലെ ചർച്ചകളിൽ അത് സജീവമായി കടന്നുവരും. അപ്പോഴെല്ലാം നാം തികഞ്ഞ തുറവിയോടെ അപരനെ ശ്രവിക്കുവാൻ തയ്യാറാകണം. നാം പഠിച്ചുവച്ചതും മനസ്സിലാക്കിയതും മാത്രമാണ് ശരിയായത് എന്ന നിലപാടിൽ ഉറച്ചുനില്ക്കുന്നവർക്ക് ആശയസംവാദം നടത്താൻ സാധിക്കയില്ല. അപരനിലൂടെ നാം താത്പര്യപൂർവ്വം ശ്രവിക്കുന്നത്, പരിശുദ്ധാത്മാവിന്റെ പ്രചോദനം ലഭിക്കാൻ നമ്മെ സഹായിക്കും.

ആരാധനക്രമവിവാദത്തിന്റെ ഒരു ബാക്കിപത്രമായിട്ടാണ് നമ്മുടെ സഭയിൽ സംജാതമായിരിക്കുന്ന അച്ചടക്കരാഹിത്യത്തെ കാണേണ്ടത്. വിശ്വാസസംബന്ധമായ കാര്യങ്ങൾക്ക് രാഷ്ട്രീയശൈലിയിൽ പരി

www.malankaralibrary.com



ഹാരം കാണാൻ ശ്രമിക്കുന്നത് ഭോഷത്തമായിരിക്കും. ഇക്കാര്യത്തിൽ നാമോരോരുത്തരും വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ട്. ഈ അച്ചടക്കരാഹിത്യം, ബഹുഭൂരിപക്ഷം അന്യമതാനുയായികളായ ഈ രാജ്യത്തിന്, കുരിശിൽ മരിച്ച യേശുവിന്റെ അനുയായികളെന്ന് അഭിമാനിക്കുന്ന നമ്മെപ്പറ്റി, വളരെ വേദനാജനകവും പരിഹാസ്യവുമായ ഒരു ചിത്രമാണ് കൊടുക്കുന്നത്. നമ്മുടെ സഭാപ്രവർത്തനങ്ങൾക്ക് അതൊരു തിരിച്ചടിയുമാണ്.

സഭാജീവിതത്തിന്റെ വിവിധ മേഖലകളെപ്പറ്റിയാണ് വിഷയാവതരണരേഖയുടെ രണ്ടാം ഭാഗത്ത് പ്രതിപാദിക്കുന്നത്. അജപാലകരെപ്പറ്റി പറയുമ്പോൾ ഇന്നത്തെ അജപാലനശൈലിയിൽ മാറ്റം വരണമെന്നുതന്നെയാണ് മിക്കവരുടെയും അഭിപ്രായം. അതിനുള്ള മാർഗ്ഗങ്ങളും അവർ നിർദ്ദേശിക്കുന്നുണ്ട്.

അജപാലനത്തെപ്പറ്റി പറയുന്നിടത്ത് രേഖ ഊന്നൽകൊടുത്ത കാര്യമാണ് നമ്മുടെ രൂപതകൾക്കു പുറത്ത് ഇന്ത്യയിലും വിദേശത്തും താമസിക്കുന്നവരുടെ കാര്യം. മറുനാടൻ മലയാളികളോടും നമ്മുടെ സഭാംഗങ്ങളോടുമുള്ള നമ്മുടെ ഭാരിച്ച കടമ എഴുതിത്തള്ളാനാവില്ല. സ്വന്തം സാഹചര്യങ്ങളിൽനിന്നും മാറിത്താമസിക്കുന്നവർക്ക് ജീവിതത്തിൽ നിലനിർത്തേണ്ട മൂല്യങ്ങൾ കാത്തുസൂക്ഷിക്കാനും തലമുറകൾക്കു കൈമാറാനുമുള്ള ദൗത്യം സ്വയം ചെയ്തുതീർക്കാനാവില്ല. അവരെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യേണ്ടത് മാതൃസഭയുടെ കടമയാണെന്ന കാര്യം ശക്തിയായി ഓർമ്മിപ്പിക്കാൻ ഞാൻ ഈ അവസരം പ്രയോജനപ്പെടുത്തട്ടെ. ഈ വിഷയം കൈകാര്യം ചെയ്തു സംസാരിക്കുമ്പോൾ കേരളത്തിൽ നിലവിലുള്ള അഭിപ്രായഭിന്നതകൾ അവസാനിപ്പിച്ചിട്ടു മതി മറ്റു പ്രദേശങ്ങളിലേക്കു ശ്രദ്ധതിരിക്കാൻ എന്ന് ചില റിപ്പോർട്ടുകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സീറോ-മലബാർ സഭ ഒറ്റക്കെട്ടായി നിലകൊള്ളണം എന്നു പറയുമ്പോൾത്തന്നെ നമ്മുടെ സമൂഹത്തിന്റെ ഭാഗമായ ജനങ്ങളുടെ ഭാഗത്തേക്ക് തിരിയുന്നതിന് ഒരു കാരണവശാലും അമാന്തം വരുത്തരുതെന്നാണ്, അങ്ങനെയുള്ള ഒരു രംഗത്ത് പ്രവർത്തിച്ച ഒരു വ്യക്തിയെന്ന നിലയ്ക്ക് എനിക്ക് ഊന്നിപ്പറയുവാനുള്ളത്. ഈ സമ്മേളനത്തിൽത്തന്നെ അവരുടെ പ്രതിനിധികൾ പലരുണ്ട്. ചർച്ചകളിൽ അവർക്ക് ഇക്കാര്യത്തെക്കുറിച്ച് കൂടുതൽ വെളിച്ചം വീശുവാൻ കഴിയും.

സഭയുടെ അടിസ്ഥാനസ്വഭാവമായ സുവിശേഷവത്കരണത്തെപ്പറ്റി ഈ രേഖ സുദീർഘം പ്രതിപാദിക്കുന്നുണ്ട്. ക്രൈസ്തവവിശ്വാസം വേണ്ടവിധത്തിൽ പ്രചരിച്ചിട്ടില്ലാത്ത ഇന്ത്യയിൽ ക്രൈസ്തവസഭയോ

www.malankaralibrary.com



ളംതന്നെ പാരമ്പര്യമുള്ള സീറോ-മലബാർ സഭയ്ക്ക് വലിയൊരു പ്രേഷിതദൗത്യം നിർവ്വഹിക്കാനുണ്ടെന്ന കാര്യം മറക്കാനാവില്ല. സീറോ-മലബാർ സഭയെ ചില അതിർത്തികൾക്കുള്ളിൽ ഒതുക്കി നിർത്തുന്നത് കത്തോലിക്കാസഭയുടെ താത്പര്യങ്ങൾക്ക് ഒരിക്കലും അനുകൂലമല്ല. ഇക്കാര്യത്തിൽ അതിശക്തമായ അഭിപ്രായസമന്വയം ഈ അസംബ്ലിയിൽനിന്ന് ഉണ്ടാകട്ടെയെന്ന് ഞാൻ ആഗ്രഹിക്കുന്നു.

വൈദിക സമർപ്പിത ജീവിതങ്ങളിലേക്ക് ഇന്നും നമുക്ക് ധാരാളം ദൈവവിളികളുണ്ട്. അവയെ നാം വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുവാൻവേണ്ട മാർഗ്ഗങ്ങൾ ആരായണം.

സഭാംഗങ്ങളുടെ വിശ്വാസപരിശീലനമാണ് രേഖ ഊന്നൽ നല്കുന്ന മറ്റൊരു കാര്യം. നാം എങ്ങനെ നമുക്കു കിട്ടിയ വിശ്വാസ വെളിച്ചം വരുംതലമുറയ്ക്ക് കൈമാറുന്നുവെന്നത് വളരെ പ്രാധാന്യമേറിയ കാര്യമാണ്. ഇന്ന് നമുക്കതിന് ധാരാളം പദ്ധതികളുണ്ട്. എങ്കിലും, അവ കൂടുതൽ ഫലപ്രദമാകുവാനുള്ള മാർഗ്ഗങ്ങൾ ആരായണം.

വിശ്വാസപരിശീലനത്തിന്റെ ഫലമാണ് ആദ്ധ്യാത്മികത. ആദ്യമായി നാം ദൈവത്തെ സ്നേഹിക്കാൻ പഠിക്കണം. ദൈവത്തെ സ്നേഹിക്കുന്നവൻ സ്വന്തം സഹോദരീസഹോദരന്മാരെയും സ്നേഹിക്കുന്നു. ഈ ആദ്ധ്യാത്മികതയിൽ കുടുംബപ്രാർത്ഥനയ്ക്കും മറ്റും അതിപ്രധാനമായ സ്ഥാനമുണ്ട്. ഇത്തരുണത്തിൽ കരിസ്മാറ്റിക് നവീകരണപ്രസ്ഥാനത്തെപ്പറ്റി രേഖയിൽ പരാമർശിക്കപ്പെടുന്നുണ്ട്. വളരെയേറെ സത്ഫലങ്ങൾ ഉളവാക്കിക്കൊണ്ടിരിക്കുന്നതാണ് ഈ പ്രസ്ഥാനം എന്നതിന് യാതൊരു സംശയവുമില്ല. എങ്കിലും ഈ പ്രസ്ഥാനത്തിന്റെ മറവിൽ ശരിയായ ആദ്ധ്യാത്മികതയ്ക്ക് നിരക്കാത്ത ആചാരങ്ങളും തെറ്റിദ്ധരിക്കപ്പെടാവുന്ന അനുഷ്ഠാനങ്ങളും കടന്നുവരുന്നുവെന്ന പരാമർശം ശ്രദ്ധിക്കപ്പെടേണ്ടതുതന്നെയാണ്. അനുഭവങ്ങളുടെ അടിസ്ഥാനത്തിലുള്ള വസ്തുനിഷ്ഠമായ ചർച്ചകൾ നല്ലതിനെ പ്രോത്സാഹിപ്പിക്കാനും തെറ്റുകൾ തിരുത്തപ്പെടാനും സഹായിക്കും.

സഭയിൽ വിവിധ ശുശ്രൂഷകളുണ്ട്. അവ പരിപോഷിപ്പിക്കപ്പെടണമെന്ന് രേഖ ആവശ്യപ്പെടുന്നു. അതുപോലെതന്നെ ഈ ശുശ്രൂഷകളിൽ ഏർപ്പെടുന്നവർ തങ്ങളുടെ ദൗത്യം സഭയോടൊത്തുനിന്ന് ഉത്തരവാദിത്തത്തോടുകൂടി നിർവ്വഹിക്കേണ്ടതുണ്ട്.

നമ്മുടെ പ്രവർത്തനങ്ങളിൽ സാമൂഹികമായും സാമ്പത്തികമായും വളരെയധികം പരാധീനതകൾ അനുഭവിക്കുന്നവരുണ്ട്. അതിനു ഫല

www.malankaralibrary.com



പ്രദമായ പരിഹാരം കണ്ടെത്തണം. അക്കൂട്ടത്തിൽ പ്രത്യേക ശ്രദ്ധ അർഹിക്കുന്നവരാണ് ദളിത് ക്രൈസ്തവർ. അവർ അനുഭവിക്കുന്ന വിവേചനങ്ങൾക്ക് അറുതി വരുത്താനും സമൂഹത്തിൽ അവർ മറ്റുള്ള വരോടൊപ്പം എത്താനുമുള്ള മാർഗ്ഗങ്ങൾ ക്രിയാത്മകമായി കണ്ടുപിടി ക്കേണ്ടിയിരിക്കുന്നു. ഈ സമ്മേളനത്തിന്റെ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാ യിരിക്കട്ടെ. നിർദ്ദേശിക്കപ്പെടുന്ന മാർഗ്ഗങ്ങൾ ജനശ്രദ്ധ പിടിച്ചുപറ്റാൻ മാത്രമായിരിക്കരുത്; മറിച്ച് ക്രിയാത്മകവും പ്രായോഗികവും ആയിരി ക്കേണ്ടതുണ്ട്.

യേശുവിന്റെ സഭയുടെ ഭാഗമെങ്കിലും നാമും ആ വിശ്വാസത്തിൽ പൂർണ്ണമായി ഐക്യത്തിലെത്തിയിട്ടില്ലാത്ത സഭാസമൂഹങ്ങളുമായുള്ള നമ്മുടെ സംവാദം ഫലപ്രദമാക്കാനുതകുന്നതാണ് എക്യുമെനിസം. നമ്മെ ഐക്യപ്പെടുത്തുന്ന വിഷയങ്ങളെക്കുറിച്ചുള്ള ബോധ്യവും വിയോജിപ്പുള്ള കാര്യങ്ങളെക്കുറിച്ചുള്ള അറിവും ആദരവോടും സ്നേഹത്തോടുംകൂടിത്തന്നെ മറ്റു ക്രൈസ്തവവിഭാഗങ്ങളോടും ഇട പഴകാൻ നമ്മെ സഹായിക്കണം. ഈശോമിശിഹാ ആഗ്രഹിച്ച പൂർണ്ണ മായ ഐക്യത്തിനുവേണ്ടിയുള്ള ദാഹം വളർത്തിയെടുക്കാനും ഇതു സഹായിക്കും.

സഭാസ്ഥാപനങ്ങളും സേവനപദ്ധതികളും ഇന്ന് വളരെയേറെ കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും അതുപോലെതന്നെ വിമർശിക്കപ്പെ ടുകയും ചെയ്യുന്നുണ്ടെന്ന് രേഖ ചൂണ്ടിക്കാണിക്കുന്നു. ഓരോന്നും ലക്ഷ്യത്തിനനുസരിച്ച് പ്രവർത്തനക്ഷമമാകേണ്ടതുണ്ട്.

“സഭയും ലോകവും” എന്ന മൂന്നാം ഭാഗത്ത് കുടുംബത്തെയും രാഷ്ട്രീയ രംഗത്തെയും സാമ്പത്തിക മാധ്യമതലങ്ങളെയും മറ്റും ചർച്ചയ്ക്കു വിഷയമാക്കുന്നുണ്ട്. കുടുംബമാണ് സഭയുടെ അടിസ്ഥാ നഘടകം. എന്നാൽ ഇന്ന് കുടുംബത്തിന്റെ ഭദ്രതയും വിശുദ്ധിയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയല്ലേയെന്ന് പലരും അഭിപ്രായപ്പെടുന്നു. മാധ്യമങ്ങളുടെ കടന്നുകയറ്റവും ഉപഭോഗസംസ്കാരത്തിന്റെ സ്വാധീ നവും മറ്റും കുടുംബത്തിന്റെ അടിത്തറയ്ക്ക് വിള്ളലുണ്ടാക്കുന്നുണ്ട്. ഇവിടെയെല്ലാം നാം ഉണർന്ന് പ്രവർത്തിച്ചില്ലെങ്കിൽ നമ്മുടെ സഭയുടെ, സമൂഹത്തിന്റെ ഭാവിതന്നെ അപകടത്തിലാകും. രാഷ്ട്രീയമായും എങ്ങും അലോസരപ്പെടുത്തുന്ന കാര്യങ്ങളാണ് കുറച്ചുനാളായി നാം കേട്ടുകൊണ്ടിരിക്കുന്നത്.

പ്രധാന ലോകമതങ്ങളിൽ പലതിന്റെയും ജന്മഗൃഹമായ ഭാരത ത്തിൽ മതസംവാദത്തിന് പ്രത്യേകം പ്രാധാന്യമുണ്ട്. മറ്റു മതങ്ങളെപ്പ

www.malankaralibrary.com



റ്റിയുള്ള അറിവും, അവരോട് സഹിഷ്ണുതയിലും സൗഹാർദ്ദത്തിലുമുള്ള സമീപനവും, സമാധാനത്തിലും ഐക്യത്തിലുമുള്ള സഹവർത്തിത്വവും, ഒരേ ദൈവത്തിന്റെ മക്കളാണെന്ന സത്യത്തിന് സാക്ഷ്യംവഹിക്കാൻ നമ്മെ സഹായിക്കും. ഈ കൂട്ടായ സാക്ഷ്യം ഇന്നിന്റെ വലിയൊരാവശ്യമാണ്.

മൂന്നാം സഹസ്രാബ്ദത്തിലേക്ക് പ്രവേശിക്കുന്ന സീറോ-മലബാർ സഭയുടെ ദൗത്യമെന്താണ്, എന്തു സാക്ഷ്യമാണ് ലോകത്തിനു കൊടുക്കേണ്ടത് എന്ന് രേഖയിൽ സവിസ്തരം പ്രതിപാദിക്കുന്നു. അതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ തേടുകയാണ് നാം ഈ സമ്മേളനത്തിൽ ചെയ്യുന്നത്. യേശുവിന്റെ രക്ഷാകരപദ്ധതിയിൽ പങ്കുചേർന്നുകൊണ്ട് നമുക്കത് നിർവ്വഹിക്കാൻ ആത്മാർത്ഥമായി ശ്രമിക്കാം.

ഈ സമ്മേളനത്തിൽ നടക്കുന്ന ഗ്രൂപ്പുചർച്ചകളാണ് ഏറ്റവും പ്രധാനപ്പെട്ടതെന്ന് ഓർമ്മിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. നിങ്ങൾ പ്രതിനിധാനം ചെയ്യുന്നവരുടെ ആശയങ്ങളും ആഗ്രഹങ്ങളും പ്രതീക്ഷകളും ആവിഷ്കരിക്കപ്പെടേണ്ടതുണ്ട്. എങ്കിലും, സീറോ- മലബാർ സഭയിൽ അഭിപ്രായസമന്വയം വരേണ്ട വിഷയങ്ങളിൽ തുറന്ന മനഃസ്ഥിതിയോടെ അരൂപിയുടെ പ്രചോദനത്തിന് നമുക്കു കാതോർക്കാം.

പൊതുസമ്മേളനത്തിൽ വളരെക്കുറച്ചു പേർക്കു മാത്രമേ സംസാരിക്കാൻ അവസരം കിട്ടുകയുള്ളു. എങ്കിലും അവതരിപ്പിക്കുന്ന ആശയങ്ങൾ ഭിന്നിപ്പിക്കുന്നതിനെക്കാൾ യോജിപ്പിലെത്തിക്കുന്നതിനുള്ള ഉപാധികളായി തീർക്കുവാൻ എല്ലാവരും പരിശ്രമിക്കണം. നാം പലതരത്തിലുള്ള ആശയങ്ങൾ പ്രചരിച്ചിട്ടുള്ള രൂപതകളിൽനിന്നും വരുന്നവരാണ്. അതുകൊണ്ടുതന്നെ നമ്മിൽ ഒരു പ്രത്യേക ആശയത്തോട് ആഭിമുഖ്യം തോന്നാം. എങ്കിലും, പരിശുദ്ധാരൂപി നമ്മെ നയിക്കുന്ന ദിശയിലേക്ക് വന്നെത്താൻ നമുക്ക് ആത്മാർത്ഥമായി ശ്രമിക്കാം. അങ്ങനെ സീറോ-മലബാർ സഭ വ്യക്തമായ കാഴ്ചപ്പാടുകളോടും ക്രിസ്തുസാക്ഷ്യത്തെപ്പറ്റിയുള്ള ഉറച്ച ബോധ്യത്തോടും പുനരാർജ്ജിച്ച കൂട്ടായ്മയുടെ ശക്തിയോടുംകൂടെ മൂന്നാം സഹസ്രാബ്ദത്തിലേക്കു കടക്കുവാൻ ഈ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി ഇടവരുത്തട്ടെ.

മാർ പോൾ ചിറ്റിലപ്പിള്ളി

www.malankaralibrary.com



# സീറോ-മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി പുറപ്പെടുവിക്കുന്ന പ്രസ്താവന

## 1998 നവംബർ 9 മുതൽ 12 വരെ സീറോ-മലബാർ സഭയുടെ കേന്ദ്രകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ ചേർന്ന 353 അംഗങ്ങളുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി പുറപ്പെടുവിക്കുന്ന പ്രസ്താവന

സീറോ-മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതിനുശേഷം ആദ്യമായി ചേർന്ന ഈ സഭായോഗത്തിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ഞങ്ങൾ അനുഭവിച്ചറിഞ്ഞു. ക്രിസ്തുവിന്റെ സുവിശേഷത്തോടു വിശ്വസ്തത പുലർത്തി സഭയെ സ്നേഹിക്കാനും സഭാപ്രവർത്തനങ്ങളിൽ കൂടുതൽ സമർപ്പിതരാകാനും ഞങ്ങൾ പ്രതിജ്ഞാബദ്ധരായി. സീറോ-മലബാർ സഭ ആഗോളസഭയുടെ കാനോൻ നിയമസംഹിതയ്ക്ക് നല്കിയ ഒരു സംഭാവനയായിട്ടാണല്ലോ ഈ അസംബ്ലി അറിയപ്പെടുന്നത്. സഭാജീവിതത്തിലെ ചില പ്രശ്നങ്ങളെക്കുറിച്ചുള്ള ആകാംക്ഷയോടെയാണ് ഞങ്ങൾ ഈ അസംബ്ലിയിലേക്കു കടന്നുവന്നത്. എന്നാൽ ഐക്യത്തിന്റെയും അനുരഞ്ജനത്തിന്റെയും വർദ്ധിച്ച കൂട്ടായ്മയുടെയും പുത്തൻ പന്തക്കുസ്താനുഭവം പേറി ഞങ്ങൾ പിരിയുമ്പോൾ അതിന്റെ സദ്ഫലങ്ങൾ ഉളവാകുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്.

സീറോ-മലബാർ സഭ മൂന്നാം സഹസ്രാബ്ദത്തിലേക്ക് കൂടുതൽ ശക്തമായ ദൗത്യബോധത്തോടെ, പ്രകാശിതമായ സാക്ഷ്യത്തോടുകൂടെ മുന്നോട്ടു നീങ്ങുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. സഭയുടെ വിവിധ മണ്ഡലങ്ങളെക്കുറിച്ച് ചർച്ചകളും എല്ലാവരുമായി തുറന്ന ആശയവിനിമയവും നടത്താൻ ഞങ്ങൾക്കു സാധിച്ചു. ഇത് സഭാപ്രതിനിധികളെയും അവർ പ്രതിനിധാനം ചെയ്യുന്ന ചിന്താഗതികളെയും ആഭിമുഖ്യങ്ങളെയും മനസ്സിലാക്കാനും പരസ്പര ആദരവോടെ കേൾക്കുവാനും വഴിയൊരുക്കി. പരസ്പരം ശ്രവിച്ച് പരിശുദ്ധാത്മാവിന്റെ പ്രചോദനം വിവേചിച്ചറിയാൻ ഞങ്ങൾ ശ്രമിച്ചു. കൂട്ടായ ആശയരൂപവത്ക

www.malankaralibrary.com



രണത്തിലൂടെ മൂന്നാം സഹസ്രാബ്ദത്തിലേക്കു പ്രവേശിക്കുന്ന സഭയ്ക്ക് ചില നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സാധിച്ചുവെന്നതിൽ ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. സഭയിൽ ഐക്യം ഏറ്റവും അനിവാര്യമാണെന്ന ബോധ്യവും അതിനായുള്ള വാഞ്ഛയും സകലരിലും പ്രകടമായിരുന്നു. ഈ ഐക്യം പ്രായോഗികമാക്കാനുള്ള ചില ആശയങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾ മെത്രാന്മാരുടെ സിനഡിനു സമർപ്പിച്ചിട്ടുണ്ട്.

ആരാധനക്രമപരമായി നിലനിന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ പോരുന്ന അഭിപ്രായസമന്വയത്തിൽ ഞങ്ങൾ എത്തിച്ചേർന്നുവെന്ന് പ്രഖ്യാപിക്കാൻ അതിയായ സന്തോഷമുണ്ട്.

അച്ചടക്കസംബന്ധമായി സംജാതമായിട്ടുള്ള പ്രശ്നങ്ങൾ സഭയ്ക്ക് വലിയ ക്ഷീണം ചെയ്യുന്നുവെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. അച്ചടക്കരാഹിത്യം ഉണ്ടാകാതിരിക്കാൻ പറ്റിയ അന്തരീക്ഷം സഭയിൽ സംജാതമാകണമെന്നും അച്ചടക്കം ലംഘിക്കുന്നവർക്കെതിരെ നിയമാനുസൃതമാർഗ്ഗങ്ങളിലൂടെ നടപടികൾ സ്വീകരിക്കണമെന്നും ഞങ്ങൾ നിർദ്ദേശിക്കുന്നു.

സീറോ-മലബാർ സഭയ്ക്ക് കേരളത്തിനു പുറത്തും ഇന്ത്യയ്ക്കു വെളിയിലും സഭാംഗങ്ങളുടെ അജപാലനത്തിന് ഇടവകകളും രൂപതകളും സ്ഥാപിക്കേണ്ടതാണ്. അതുപോലെ സഭയ്ക്ക് ഇന്ത്യ മുഴുവൻ സ്വതന്ത്രമായി മിഷൻ പ്രവർത്തനം നടത്താനുള്ള അധികാരവും (All India Jurisdiction) ലഭിക്കണം. ക്നാനായ സമുദായത്തിന്റെ അജപാലനാവശ്യങ്ങൾ ഇത്തരുണത്തിൽ പ്രത്യേകം പരിഗണിക്കപ്പെടേണ്ടതുണ്ട്.

കുടുംബഭദ്രത നേരിടുന്ന പ്രശ്നങ്ങളെ ആകുലതയോടെ അസംബ്ലി ചർച്ചചെയ്യുകയും അവയ്ക്ക് ചില പ്രതിവിധികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഇടവകകളിലെ കുടുംബകൂട്ടായ്മകൾ ശക്തിപ്പെടുത്തുവാനും വൈദിക-അല്മായ ബന്ധം കൂടുതൽ മെച്ചപ്പെടുത്തുവാനും സാധിക്കണം. വിശ്വാസപരിശീലനം കുടുംബതലത്തിലും ഇടവകതലത്തിലും കൂടുതൽ ക്രൈസ്തവബോധ്യമുള്ള സഭാമക്കളെ രൂപപ്പെടുത്താൻ പര്യാപ്തമാകണം. വിശ്വാസജീവിതത്തിന് സാക്ഷികളായി ലോകത്തിൽ സുവിശേഷത്തിന്റെ പ്രേഷിതരാകാനാണ് എല്ലാ ക്രൈസ്തവരും, വിശിഷ്യ വൈദികരും സന്യസ്തരും വിളിക്കപ്പെട്ടിരിക്കുന്നത്. സഭയുടെ ഒരു പ്രമുഖ ശുശ്രൂഷാരംഗമായ വിദ്യാഭ്യാസപ്രവർത്തനങ്ങൾ ലക്ഷ്യത്തിൽനിന്ന് അകലുകയാണോ എന്ന ആശങ്ക

www.malankaralibrary.com



അസംബ്ലി പ്രകടിപ്പിക്കുന്നു. അപാകതകൾ അകറ്റി വിദ്യാഭ്യാസരംഗത്ത് സഭ കൂടുതൽ ശോഭനമായി പ്രവർത്തിക്കുകതന്നെ വേണം.

ദളിത് കത്തോലിക്കരെ സഭാസമൂഹത്തിൽ സമ്പൂർണ്ണമായി ഉൾചേർക്കുന്നതിനുവേണ്ടി അവർക്ക് സഭയുടെ എല്ലാ തലങ്ങളിലും പ്രത്യേക പരിഗണന നല്കണം. മതത്തിന്റെ പേരിൽ ദളിത് ക്രൈസ്തവർക്കെതിരെ സർക്കാർ തലത്തിൽ, ദീർഘമായി നിലനില്ക്കുന്ന അവഗണനയ്ക്കും അനീതിക്കും എത്രയും വേഗം അറുതിവരുത്തണമെന്ന് അസംബ്ലി ആവശ്യപ്പെടുന്നു. ആതുരശുശ്രൂഷാരംഗത്ത് സഭയുടെ പ്രവർത്തനങ്ങൾ അഭിമാനാർഹമാണെന്ന് അസംബ്ലി വിലയിരുത്തുമ്പോഴും ഈ രംഗത്ത് കടന്നുകൂടുന്ന ലാഭേച്ഛയും മത്സരബുദ്ധിയും ഒഴിവാക്കാൻ നടപടികൾ വേണമെന്ന് അസംബ്ലി ആവശ്യപ്പെടുന്നു. സഭയുടെ സ്ഥാപനങ്ങളിലും പ്രവർത്തനങ്ങളിലും ജാതിമതഭേദമെന്യെ യേശുവിന്റെ ദരിദ്രരോടുള്ള സ്നേഹം പ്രകടമാക്കണം.

എക്യുമെനിസത്തെ സംബന്ധിച്ച് സഭാംഗങ്ങളിലെല്ലാം യാഥാർത്ഥ്യബോധത്തോടുകൂടിയ ഒരു അവബോധം ഉണ്ടാക്കണമെന്നും സഭകൾ തമ്മിലുള്ള സൗഹാർദ്ദം വർദ്ധിപ്പിക്കണമെന്നും ഞങ്ങൾ ആഗ്രഹിക്കുന്നു.

മതമൗലികവാദത്തിന്റെ സാഹചര്യത്തിൽ മറ്റു മതങ്ങളുമായി വർദ്ധിച്ച സഹകരണത്തിനും വഴികൾ ഒരുക്കണം.

മാധ്യമങ്ങളുടെ വർദ്ധിച്ചുവരുന്ന പ്രാധാന്യം കണക്കിലെടുത്ത് മാധ്യമവേദികളിൽ ക്രൈസ്തവസാന്നിദ്ധ്യം ശക്തമാക്കാനും ഈ മാധ്യമങ്ങളെ ക്രൈസ്തവമായി വിനിയോഗിക്കാനും സഭയും സഭാംഗങ്ങളും ശ്രദ്ധിക്കണം.

കാർഷികമേഖലയിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധികൾക്ക് പരിഹാരം കാണാൻ സഭ സത്വരനടപടികൾ എടുക്കണമെന്ന് അസംബ്ലി ആവശ്യപ്പെടുന്നു.

കരിസ്മാറ്റിക് നവീകരണം വളരെയേറെ നന്മകൾ ചെയ്തിട്ടുണ്ടെന്ന കാര്യം വളരെ സന്തോഷത്തോടെ അനുസ്മരിക്കുന്നു. എങ്കിലും ഈ പ്രസ്ഥാനം സഭാജീവിതത്തിൽ കൂടുതൽ ഉൾച്ചേരണമെന്നും നവീകരണസംരംഭങ്ങളിൽ കടന്നുകൂടുന്ന തെറ്റായ പ്രവണതകളെ തിരുത്തി നവീകരണയജ്ഞങ്ങളെ കൂടുതൽ സഭാത്മകമാക്കി അതിന്റെ സത്ഫലങ്ങൾ എല്ലാവർക്കും സംലഭ്യമാക്കണമെന്നും ഞങ്ങൾ ആഗ്രഹിക്കുന്നു.

www.malankaralibrary.com



അഴിമതി, ധൂർത്ത്, ചൂഷണം എന്നിവ സമൂഹത്തെ കാര്യമായി ബാധിച്ചിരിക്കുന്ന സാഹചര്യത്തിൽ ലോകത്തിന്റെ ഉപ്പും വെളിച്ചവു മാകുവാൻ സഭ അവരുടെ എല്ലാ സ്ഥാപനങ്ങളിലും പ്രവർത്തനങ്ങ ളിലും സംശുദ്ധിയും ലാളിത്യവും കാക്കണമെന്ന് അസംബ്ലി ആഗ്രഹി ക്കുന്നു.

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായെ അനുസ്മരിച്ചും സഭ യുടെ കടന്നുപോയ സകല പൂർവ്വപിതാക്കന്മാരുടെയും സ്മരണയ്ക്കു മുമ്പിൽ പ്രാർത്ഥനാപൂർവ്വം ശിരസ്സു നമിച്ചും പരിശുദ്ധ കന്യകാമറിയ ത്തോട് മാദ്ധ്യസ്ഥം പ്രാർത്ഥിച്ചും ഈ സഭയുടെ വിശ്വാസവെളിച്ചം കൈമാറാൻ ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു.

ആഗോള കത്തോലിക്കാസഭയുടെ തലവനായ മാർപാപ്പയോടുള്ള വിശ്വസ്തതയും വിധേയത്വവും പ്രഖ്യാപിച്ചുകൊണ്ടും നമ്മുടെ സഭ യുടെ അദ്ധ്യക്ഷനോടും സിനഡ് പിതാക്കന്മാരോടുമുള്ള സ്നേഹവും കൂട്ടായ്മയും ഏറ്റുപറഞ്ഞുകൊണ്ടും ഞങ്ങൾ ഉപസംഹരിക്കുന്നു.

മൗണ്ട് സെന്റ് തോമസ്,
12-11-1998

www.malankaralibrary.com



# മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ സമാപനസമ്മേളനത്തിൽ മാർ വർക്കി വിതയത്തിൽ നടത്തിയ പ്രസംഗം

**അഭിവന്ദ്യ പിതാക്കന്മാരേ, യേശുവിൽ പ്രിയമുള്ള സഹോദരീസഹോദരന്മാരേ,**

കഴിഞ്ഞ നാലു ദിവസങ്ങളായി ഇവിടെ നടന്നുവന്ന സീറോ–മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ പ്രഥമ സമ്മേളനത്തിന് ഇന്നിവിടെ തിരശ്ശീല വീഴുകയാണ്. ഈയവസരത്തിൽ അതീവ ആത്മസംതൃപ്തിയോടെയാണ് ഞാനിവിടെ നില്ക്കുന്നത്. അഭിവന്ദ്യ കുന്നശ്ശേരി പിതാവ് ഇന്നലെ പറഞ്ഞതുപോലെ, മറ്റു പൗരസ്ത്യസഭകൾക്ക് നാം കൊടുത്ത സംഭാവനയാണ് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി. പൗരസ്ത്യ കാനൻ നിയമസംഹിത പ്രാബല്യത്തിൽ വന്നിട്ട് ഏഴു വർഷം പൂർത്തിയായെങ്കിലും ഇതുവരെ മറ്റു പൗരസ്ത്യസഭകൾക്ക് ഇപ്രകാരം ഒരു അസംബ്ലി വിളിച്ചുകൂട്ടുവാൻ സാധിച്ചിട്ടില്ല. ആറു പാത്രിയാർക്കൽ സഭകളും നമ്മൾ ഉൾപ്പെടെ രണ്ടു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭകളും ഉള്ളതിൽ നമുക്കു മാത്രമാണ് അതിനു ഭാഗ്യം ലഭിച്ചത്. ഇതു തീർച്ചയായും അഭിമാനാർഹം തന്നെയാണ്.

350-ൽപരം പ്രതിനിധികൾ പങ്കെടുത്ത ഈ സമ്മേളനം ഇത്രയും ഭംഗിയായും ചിട്ടയായും ക്രമമായും നടത്താൻ സാധിച്ചതിൽ നമുക്കു ദൈവത്തെ സ്തുതിക്കാം. നാം പരിശുദ്ധാത്മാവിനെ വിളിച്ചുകൊണ്ടാണ് ഈ സമ്മേളനം ആരംഭിച്ചത്. ആത്മാവിന്റെ അഭിഷേകം ഈ സമ്മേളനത്തിൽ ഉടനീളം ദൃശ്യമായിരുന്നു. നിങ്ങളോരോരുത്തരും ആത്മാവിനാൽ പ്രേരിതരായിട്ടാണ് ഇവിടെ എത്തിയതെന്നും ഈ ചർച്ചകളിൽ സജീവമായി പങ്കെടുത്ത് ഇതിനെ വിജയിപ്പിച്ചതെന്നും എനിക്കു പൂർണ്ണ ബോധ്യമുണ്ട്. നിങ്ങൾക്കെന്റെ അഭിനന്ദനങ്ങൾ ! ഇതിന്റെ വിജയകരമായ നടത്തിപ്പിന് വളരെയധികം പേർ കഠിനാദ്ധ്വാനം ചെയ്തിട്ടുണ്ട്. അവരെയെല്ലാം ഞാൻ അഭിനന്ദിക്കുകയും നന്ദിയോടെ സ്മരിക്കുകയും ചെയ്യുന്നു.

ഞാൻ ഉദ്ഘാടനപ്രസംഗത്തിൽ സൂചിപ്പിച്ചതുപോലെ, ഈ അസംബ്ലിയുടെ ലക്ഷ്യം നാമെല്ലാവരും ഒരേ മനസ്സും ഒരേ ഹൃദയവു

www.malankaralibrary.com



മായി ഒത്തൊരുമിച്ച് ഈ സഭയെ കാല, ദേശ, ഭാഷകൾക്കനുസൃത മായി നവീകരിച്ച് മൂന്നാം സഹസ്രാബ്ദത്തിലേക്കു നയിക്കുകയെന്ന താണ്. സ്വന്തം ദൗത്യത്തെപ്പറ്റി പൂർണ്ണബോധ്യമുള്ളവളായി തന്റെ മണ വാളനു സാക്ഷ്യംവഹിക്കാനുള്ള ശക്തി അവളാർജ്ജിക്കണം. അതി നുള്ള നിർദ്ദേശങ്ങൾ ധാരാളമായി ഈ സമ്മേളനം മുന്നോട്ടുവച്ചിട്ടുണ്ട്.

അസംബ്ലിയുടെ ലക്ഷ്യമിതാണെങ്കിലും അതിനായി ആദ്യം നിലം നന്നായി ഒരുക്കേണ്ടത് ആവശ്യമാണ്. ഞാൻ പറഞ്ഞു, സഭയെന്നു പറഞ്ഞാൽ നാം ദൈവജനമാണെന്ന്. അപ്പോൾ നമ്മളാകുന്ന നില മാണ് ഇവിടെ ഒരുക്കേണ്ടത്. ഒരുങ്ങിയ നിലത്തേ വിത്തു മുളച്ചു പൊങ്ങുകയുള്ളു. ഇപ്രകാരമുള്ള നിലമൊരുക്കലാണ് ഈ അസംബ്ലി യിൽ നടന്നതെന്നു ഞാൻ കരുതുന്നു.

ചില കാര്യങ്ങളിൽ ഭിന്നതയുള്ളവരാണെങ്കിലും പല കാര്യങ്ങ ളിലും ഐക്യമുള്ളവരാണു നാമെന്നു മനസ്സിലാക്കാൻ ഈ അസംബ്ലി ഉപകരിച്ചുവെന്നു തോന്നുന്നു. ഇവിടെ നടന്ന ചർച്ചകളുടെ റിപ്പോർട്ടു കൾ അതാണു സൂചിപ്പിക്കുന്നത്. എത്രയോ കാര്യങ്ങളിൽ നിങ്ങൾ ഏകകണ്ഠമായി അഭിപ്രായം പറഞ്ഞു!

ഒരേ കാര്യത്തെപ്പറ്റി വിവിധവും വിരുദ്ധങ്ങളുമായ ആശയങ്ങൾ ഉള്ളവർക്ക് പരസ്പരം കണ്ടുമുട്ടാനും പരിചയപ്പെടാനും ശ്രവിക്കാനും ആശയസംവാദം നടത്താനും ഈ അസംബ്ലി അവസരം നല്കി. ഇവിടെ വന്ന പലരെക്കുറിച്ചും നാം പലതും കേട്ടിട്ടുണ്ടായിരുന്നിരിക്കും. എന്നാൽ അവരെ നേരിട്ടു കാണാനോ ശ്രവിക്കാനോ അവസരം ലഭി ച്ചുകാണുകയില്ല. ഞങ്ങൾ മെത്രാന്മാരിൽത്തന്നെ പലരെയും നിങ്ങൾക്കു പരിചയം ഉണ്ടായിരുന്നിരിക്കില്ല. ഗ്രൂപ്പുചർച്ചകളിലും മറ്റും ഉള്ള അവരുടെ മുഴുവൻ സമയ സജീവ ഭാഗഭാഗിത്വംവഴി അതിനുള്ള അവസരം ലഭിച്ചു. നാമെല്ലാം മജ്ജയും മാംസവുമുള്ള മനുഷ്യരാ ണെന്നും ഓരോരുത്തർക്കും അവരവരുടെ പരിമിതികളും കാഴ്ചപ്പാ ടുകളുമുണ്ടെന്നും നമുക്കു നേരിട്ടു കാണാൻ ഈ അസംബ്ലി കളമൊ രുക്കിയെന്നത് വലിയൊരു കാര്യമാണ്. ഇങ്ങനെയെല്ലാം കിട്ടിയ അറിവ് നമ്മുടെയിടയിലെ ഭിന്നതകൾ അവസാനിപ്പിക്കാൻ വലിയൊരളവുവരെ സഹായിക്കുമെന്ന് എനിക്കുറപ്പുണ്ട്. അല്പം സഹിഷ്ണുതയോടും പരിശുദ്ധാത്മാവിനോടുള്ള പൂർണ്ണമായ തുറവിയോടുംകൂടെ കാര്യങ്ങളെ വീക്ഷിക്കാൻ തയ്യാറാകണമെന്നുമാത്രം.

അവിടെയും ഇവിടെയുമായി നാം പറഞ്ഞുകേൾക്കുന്ന വിഭിന്ന ആശയങ്ങൾക്ക് ജനസാമാന്യത്തിനിടയിൽ എത്രമാത്രം സ്വാധീനവും

www.malankaralibrary.com



വ്യാപ്തിയുമുണ്ടെന്ന് മനസ്സിലാക്കാനും ഒരു പക്ഷേ അക്കാര്യത്തിൽ നമുക്കുള്ള തെറ്റിദ്ധാരണകൾ മാറ്റിയെടുക്കാനും ഈ അസംബ്ലി സഹായകമായിട്ടുണ്ടാകും. മറ്റുള്ളവർ പറഞ്ഞതു മുഴുവൻ നമുക്ക് ബോധ്യമായിക്കൊള്ളണമെന്നില്ല. ഏതെങ്കിലും ഒരു പ്രത്യേക രീതിയിൽ ആശയരൂപവത്കരണം നടത്തിയവർക്ക് അതത്ര എളുപ്പമാണെന്നു ഞാൻ കരുതുന്നില്ല. എങ്കിലും സ്വന്തം നിലപാടുകളെപ്പറ്റി ഒരു പുനർവിചിന്തനം നടത്താനുള്ള അവസരം ഈ അസംബ്ലി ഒരുക്കിയെന്ന് നിസ്സംശയം പറയാം.

"സീറോ-മലബാർ സഭ: മൂന്നാം സഹസ്രാബ്ദത്തിലേക്ക്—ദൗത്യവും സാക്ഷ്യവും" എന്നതായിരുന്നല്ലോ നമ്മുടെ ചർച്ചാവിഷയം. മൂന്നാം സഹസ്രാബ്ദത്തിലേക്കു കടക്കുന്ന സീറോ മലബാർ സഭയുടെ ദൗത്യത്തെപ്പറ്റിയും അവൾ കൊടുക്കേണ്ട സാക്ഷ്യത്തെപ്പറ്റിയും ചിന്തിച്ചപ്പോൾ ആരാധനക്രമവും അതിനെ ചുറ്റിപ്പറ്റിയുള്ള അച്ചടക്കരാഹിത്യവുമെല്ലാം അതിശക്തമായിത്തന്നെ ചർച്ചകളിൽ കടന്നുവന്നു. ആരാധനക്രമത്തിൽ ഐകരൂപ്യം ഉണ്ടാകുന്നതാണ് അഭികാമ്യമെന്ന കാര്യത്തിൽ ആർക്കും സംശയം ഉണ്ടായതായി ചർച്ചകളുടെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നില്ല. എന്നാൽ ഏതെല്ലാം കാര്യങ്ങളിൽ എത്രത്തോളം വേണമെന്നതാണ് തർക്കവിഷയം. ഇക്കാര്യത്തിൽ താത്ത്വികമായൊരു പരിഹാരം കണ്ടെത്താനായില്ലെങ്കിലും അജപാലനപരമായ ഒന്ന് കണ്ടെത്തിയേ മതിയാകൂ. ഈ സഭയെ രക്ഷിക്കാൻ അങ്ങനെയൊന്ന് ഈ ഘട്ടത്തിൽ ആവശ്യമാണ്. പൊതുവെ എല്ലാവരുംതന്നെ ഐകരൂപ്യത്തെപ്പറ്റി വ്യക്തമായ ധാരണയുണ്ടാകുന്നതുവരെ നിലവിലുള്ള സ്ഥിതിവിശേഷം തുടരണമെന്ന് ആഗ്രഹിക്കുന്നവരാണ് എന്ന് ഇവിടെ വായിച്ച റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അത് ശുഭോദർക്കമാണ്. ഉദ്ഘാടനപ്രസംഗത്തിൽ ഞാൻ പറഞ്ഞതുപോലെ സിനഡും ഇക്കാര്യം വളരെ ഗൗരവമായിത്തന്നെ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെ ഈ അഭിപ്രായങ്ങളുംകൂടി കണക്കിലെടുത്ത് ഉചിതമായൊരു തീരുമാനം ഈ സിനഡിൽത്തന്നെ എടുക്കുമെന്ന് ന്യായമായി നിങ്ങൾക്കു പ്രതീക്ഷിക്കാം.

വളരെയധികം ഉയർന്നുകേട്ട മറ്റൊരു വിഷയമാണ് അച്ചടക്കലംഘനങ്ങൾ. അച്ചടക്കം വേണമെന്ന കാര്യത്തിൽ നാമെല്ലാവരും ഏക അഭിപ്രായക്കാരാണ്. ലിറ്റർജിയുടെ കാര്യത്തിലെന്നതുപോലെ ഇവിടെയും വിശദാംശങ്ങളിലാണ് ഭിന്നത നിലനില്ക്കുന്നത്. ഇവിടെ പരാമർശിക്കപ്പെട്ട അച്ചടക്കരാഹിത്യം അതിൽത്തന്നെയുള്ള ഒരു പ്രതിഭാസമാണോ അതോ മറ്റെന്തിന്റെയെങ്കിലും പാർശ്വഫലമാണോ എന്ന

www.malankaralibrary.com



താണ് തർക്കവിഷയം. അച്ചടക്കലംഘനം നടത്തുന്നവരെ കാനൻനിയമം പറയുന്ന രീതിയിൽ ശിക്ഷിക്കണമെന്നും അതല്ല അച്ചടക്കരാഹിത്യത്തിന്റെ കാരണങ്ങൾ കണ്ടുപിടിച്ച് അവയെ ഇല്ലായ്മ ചെയ്താൽ അച്ചടക്കം തനിയെ ഉണ്ടായിക്കൊള്ളുമെന്നും ഇവിടെ നാം വായിച്ചു കേട്ടു. ഇക്കാര്യത്തിൽ ഒരു ക്രൈസ്തവമായ കാഴ്ചപ്പാടാണ് സ്വീകാര്യമെന്നു പറയേണ്ടിയിരിക്കുന്നു. ആരോ ഇവിടെ പ്രസംഗത്തിൽ സൂചിപ്പിച്ചതുപോലെ എല്ലാം നശിപ്പിച്ചുവന്ന ധൂർത്തപുത്രനെ അകലെവച്ചു തന്നെ ആലിംഗനം ചെയ്യുന്ന ആ പിതാവിന്റെ സ്നേഹധൂർത്താണ് ക്രൈസ്തവമായ കാഴ്ചപ്പാട്. ഇപ്രകാരമല്ലാത്ത ഒരു പരിഹാരം സഭയിലെ അച്ചടക്കം ശാശ്വതമാക്കുകയില്ല.

അച്ചടക്കരാഹിത്യത്തിൽ ഞങ്ങൾ മെത്രാന്മാർക്കുള്ള ഉത്തരവാദിത്തം ഞാൻ ഏറ്റുപറഞ്ഞിട്ടുണ്ട്. ചർച്ചകൾക്കിടയിൽ അക്കാര്യം പലപ്പോഴും പൊന്തിവന്നിട്ടുമുണ്ടാകും. ഇവിടെ അവതരിപ്പിക്കപ്പെട്ട റിപ്പോർട്ടുകളിലും വ്യക്തിപരമായ പ്രസംഗങ്ങളിലുമെല്ലാം അക്കാര്യം പലരും പരാമർശിച്ചു. പക്ഷേ, ഒന്നു നാം ഓർക്കേണ്ടതുണ്ട്; ഒരു സമൂഹം ശരിയായ രീതിയിൽ മുന്നോട്ടു പോകണമെങ്കിൽ, ഒരു നേതൃത്വം ഉണ്ടായിരിക്കുകയും, ആ നേതൃത്വത്തെ എല്ലാവരും ക്രിയാത്മകമായ വിമർശനത്തോടെതന്നെ അനുസരിക്കുകയും വേണം. നേതൃത്വമെടുക്കുന്ന തീരുമാനം ചിലപ്പോഴെങ്കിലും തെറ്റിപ്പോയെന്നുവരാം. അക്കാര്യം മനസ്സിലാക്കാനും മറ്റുള്ളവരുമായി ആലോചിച്ച് തീരുമാനങ്ങളെടുത്ത്, തെറ്റുകളെ പരമാവധി ഒഴിവാക്കാനുമുള്ള വിവേകവും നേതൃത്വത്തിനുണ്ടാകണം.

എന്റെ ഓർമ്മ ശരിയാണെങ്കിൽ, ഇവിടെ വായിച്ച ഒരു റിപ്പോർട്ട് ഒഴികെ, ബാക്കിയെല്ലാം നമ്മുടെ സഭാതിർത്തിക്കു പുറത്തു താമസിക്കുന്ന സഭാമക്കളുടെ അജപാലനസൗകര്യത്തിനായി ആവശ്യമുള്ള ചട്ടക്കൂടുകൾ എത്രയുംവേഗം സ്ഥാപിച്ചെടുക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. അതിനായി മാർപാപ്പയ്ക്ക് നിവേദനം കൊടുക്കണമെന്നും പറയുകയുണ്ടായി. ഇപ്രകാരം ചട്ടക്കൂടുകൾ സൃഷ്ടിക്കപ്പെടുന്നത് കേവലം ഏതെങ്കിലുമൊരു പ്രത്യേകതരം വിശ്വാസജീവിതശൈലി പ്രചരിപ്പിക്കുക എന്നതിനെക്കാൾ, നമ്മുടെ സഭാമക്കൾക്ക് ഉൾക്കൊള്ളാൻ പറ്റുന്ന രീതിയിൽ ക്രൈസ്തവരൂപീകരണം കൊടുക്കുക എന്നുള്ളതാണ്. ഈ അസംബ്ലി തന്നിട്ടുള്ള നിർദ്ദേശങ്ങൾ ഇക്കാര്യത്തിൽ വളരെ വിലപ്പെട്ടതാണ്. സിനഡ് ഇക്കാര്യം ഗൗരവമായിത്തന്നെ പരിഗണിക്കും.

സഭ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണല്ലോ. സുവിശേഷവേലയെക്കുറിച്ചുള്ള ചർച്ചകളിൽ നമ്മുടെ സഭയ്ക്ക് അക്കാര്യത്തിൽ ചെയ്യു

www.malankaralibrary.com



വാനുള്ള അനേകകാര്യങ്ങൾ നിങ്ങൾ മുമ്പോട്ടുവച്ചു. മൗണ്ട് സെന്റ് തോമസിൽ മിഷൻ കാര്യങ്ങൾക്കായി ഒരു പ്രത്യേക ഓഫീസ് തുറക്കണമെന്ന ആവശ്യവും ഒരു മിഷൻ അസംബ്ലി വിളിച്ചുകൂട്ടണമെന്ന നിർദ്ദേശവും പരിഗണനാർഹമാണ്.

കുടുംബജീവിതത്തെപ്പറ്റിയും നിങ്ങൾ ദീർഘമായിത്തന്നെ ചർച്ച ചെയ്തു. ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബമേ ഒരുമിച്ചു നില്ക്കുകയുള്ളു. ക്രൈസ്തവമായ ധാർമ്മികത കുടുംബത്തെ ഒരുമിച്ചു നിർത്തുന്ന കാര്യത്തിൽ വലിയൊരു പങ്കുവഹിക്കുന്നുണ്ട്. നമ്മുടെ കുടുംബങ്ങളുടെ ഭദ്രതയും വിശുദ്ധിയുമാണ്, നമ്മുടെ സഭയിൽ ധാരാളമായുണ്ടാകുന്ന ദൈവവിളികൾക്ക് നിദാനമെന്ന് ഞാൻ ഉദ്ഘാടന പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായല്ലോ. ഉപഭോക്തൃസംസ്കാരവും മാധ്യമങ്ങളുടെ കടന്നാക്രമണവുംമൂലം ശിഥിലമായിക്കൊണ്ടിരിക്കുന്ന കുടുംബബന്ധങ്ങൾ വീണ്ടും ഉറപ്പിക്കുവാനായി ധാരാളം നിർദ്ദേശങ്ങൾ നിങ്ങൾ മുമ്പോട്ടുവച്ചിട്ടുണ്ട്. അവയെല്ലാം സിനഡിന്റെ പരിഗണനയ്ക്കു വരും.

നമ്മുടെ സഭയിൽ വളരെയധികം അവശതകൾ അനുഭവിക്കുന്ന ദളിത് വിഭാഗക്കാരെക്കുറിച്ചുള്ള ചർച്ചകൾ നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. സഭാഗാത്രത്തിലെ ഏതാനും അവയവങ്ങൾ അവഗണിക്കപ്പെടുന്നത് നമുക്കൊരിക്കലും ഭൂഷണമല്ല. ഇക്കാര്യത്തിൽ സഭ ഒരു സമൂഹമെന്ന നിലയിൽ അധികമൊന്നും ചെയ്തിട്ടില്ല എന്ന വസ്തുത ഖേദപൂർവ്വം ഞാൻ അനുസ്മരിക്കുന്നു. എന്തെങ്കിലും ക്രിയാത്മകമായി ചെയ്യുവാൻ നിങ്ങൾ തന്നിട്ടുള്ള നിർദ്ദേശങ്ങൾ സിനഡിനെ സഹായിക്കും.

പല ക്രൈസ്തവവിഭാഗങ്ങൾ ഒരുമിച്ചു താമസിക്കുന്ന ഭാരതത്തിൽ എക്യുമെനിസത്തിന് വളരെ സാദ്ധ്യതകളുണ്ട്. നാമെല്ലാവരും ഒന്നായിത്തീരണമെന്നുള്ള കർത്താവിന്റെ ആഗ്രഹം ഇതുവരെയും സഫലമായിട്ടില്ല. നാമെല്ലാവരും അതിനായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം.

പ്രധാനപ്പെട്ട പല ലോകമതങ്ങളുടെയും ഈറ്റില്ലമായ ഭാരതത്തിൽ മതാന്തരസംവാദത്തിന് വളരെയേറെ പ്രാധാന്യമുണ്ടെന്നു റിപ്പോർട്ടുകൾ പറയുന്നു. അതോടൊപ്പംതന്നെ നാം മതമൗലികവാദത്തിനെതിരെ ശ്രദ്ധാലുക്കളായിരിക്കണമെന്നും ചില റിപ്പോർട്ടുകൾ പറയുന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

www.malankaralibrary.com



വിദ്യാഭ്യാസം, ആതുരസേവനം എന്നീ രംഗങ്ങളിൽ സഭയുടെ പ്രവർത്തനങ്ങളെ പ്രശംസിക്കുന്നതോടൊപ്പം അവയിൽ കടന്നുകൂടിയിട്ടുള്ള അപഭ്രംശങ്ങളെ റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നുമുണ്ട്. അഴിമതിയെക്കുറിച്ച് പറയുന്നിടത്ത് മേല്പറഞ്ഞ രംഗങ്ങളിൽ കടന്നുകൂടിയിട്ടുള്ള അഴിമതികളെ നിർമ്മാർജ്ജനം ചെയ്യാനുള്ള മാർഗ്ഗങ്ങളും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. തീർച്ചയായിട്ടും ഇന്ന് സമൂഹത്തെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന വലിയ തിന്മകളാണ് അഴിമതിയും കൈക്കൂലിയും. ഒരു തരത്തിൽ പറഞ്ഞാൽ നമ്മുടെ സ്വാർത്ഥതയാണ് ഇതിന്റെ പിന്നിലുള്ളത്. സ്വന്തം കാര്യം എങ്ങനെയും എത്രയുംവേഗം നേടിയെടുക്കണമെന്ന പ്രലോഭനത്തിന് നാം വഴികൊടുക്കാതിരുന്നാൽ ഇക്കാര്യത്തിൽ വലിയ മാറ്റമുണ്ടാകും. അഴിമതിക്കും കൈക്കൂലിക്കുമെതിരെയുള്ള ഇവിടത്തെ പരാമർശങ്ങൾ ഈ പ്രവണത സമൂഹത്തിൽ എത്ര ആഴത്തിൽ വേരൂന്നിയിരിക്കുന്നുവെന്നു കാണിക്കുന്നു. ഇതിനെതിരെ നാം ജാഗരൂകരായി നിരന്തരം പോരാടണം.

കേരളസഭയിൽ വളരെയധികം ചലനം സൃഷ്ടിച്ച ഒന്നാണ് കരിസ്മാറ്റിക് നവീകരണപ്രസ്ഥാനം എന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല. വളരെയധികം നന്മകൾ ഇതുമൂലം നമ്മുടെ സമൂഹത്തിൽ ഉണ്ടായിട്ടുണ്ട്. അതോടൊപ്പംതന്നെ ചില പോരായ്മകളും ഇതിലുണ്ടെന്ന കാര്യം സമ്മതിക്കാതെ നിവൃത്തിയില്ല. ഇക്കാര്യത്തിൽ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സഭാനേതൃത്വത്തിൽനിന്നുതന്നെയാണു വരേണ്ടത്.

മാധ്യമങ്ങളുടെ കടന്നുകയറ്റത്തെക്കുറിച്ച് ഞാൻ സൂചിപ്പിച്ചുവല്ലോ. ഇക്കാര്യത്തിൽ നമുക്കു ചെയ്യാവുന്നതായി ഇവിടെ ചൂണ്ടിക്കാണിച്ച ഒരു കാര്യമാണ് ക്രൈസ്തവമൂല്യങ്ങൾ പ്രചരിപ്പിക്കുന്ന ഒരു ടി.വി. ചാനൽ ഉണ്ടാവുകയെന്നത്. അതുപോലെതന്നെ ആധുനിക സാമൂഹിക സമ്പർക്കമാധ്യമമായ ഇന്റർനെറ്റും ഇക്കാര്യത്തിൽ ഉൾപ്പെടുത്തണം എന്നും പലരും പറയുകയുണ്ടായി. ഇവ രണ്ടും അടിയന്തിരമായി നമ്മുടെ ശ്രദ്ധ പതിയേണ്ട തലങ്ങളാണെന്നാണ് എന്റെ വിശ്വാസം. കഴിഞ്ഞ പത്തോ പതിനഞ്ചോ വർഷങ്ങൾക്കുള്ളിൽ സംഭവിച്ച മാറ്റങ്ങൾ അതിനുമുമ്പ് ഒരു നൂറു വർഷംകൊണ്ട് സംഭവിച്ചതിലും വളരെയേറെയാണ്. ജീവിതത്തിന്റെ വേഗത അനുനിമിഷം വർദ്ധിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ യുഗത്തിൽ ഈ മാധ്യമങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. ഒരു പക്ഷേ, വളരെയധികം സമയം ടെലിവിഷനു മുമ്പിൽ ചെലവഴിക്കപ്പെടുന്ന ഇന്ന് മതബോധനത്തിനുപോലും നാം മാധ്യമങ്ങളെ ഉപയോഗപ്പെടുത്തേണ്ടതല്ലേ എന്നു ഞാൻ സംശയിക്കുന്നു. നമ്മൾ കൊടുക്കുന്ന ആശയങ്ങൾ എത്ര നല്ലതാണെങ്കിലും

www.malankaralibrary.com



അതു നല്കുന്ന മാർഗ്ഗങ്ങൾ കാലോചിതമല്ലെങ്കിൽ തിരസ്കരിക്കപ്പെടാനുള്ള സാധ്യത ഏറെയാണ്.

അവസാനമായി സാമൂഹികതിന്മകളായ ചൂഷണം, മദ്യപാനം, ധൂർത്ത് എന്നിവയെക്കുറിച്ച് എനിക്കു പറയുവാനുള്ളതിതാണ്; നമ്മുടെ മനസ്സാക്ഷി ക്രൈസ്തവമാകുമ്പോഴേ ഇവയിലൊക്കെ മാറ്റമുണ്ടാവുകയുള്ളു. ബോധ്യങ്ങളുണ്ടാകുമ്പോൾ പലതും തനിയെ മാറും. അപ്പോൾ ബോധവത്കരണപ്രക്രിയ ഇക്കാര്യത്തിൽ വളരെ പ്രധാനപ്പെട്ടതുതന്നെയാണ്.

നമ്മുടെ വിഷയാവതരണരേഖയിൽ പരാമർശിക്കപ്പെടാത്ത ഏതാനും കാര്യങ്ങളെക്കുറിച്ച് ചിലരെങ്കിലും സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ സഭയിലെ വലിയൊരു വിഭാഗമായ സമർപ്പിതസമൂഹങ്ങൾ, അല്മായ യുവജനസംഘടനകൾ തുടങ്ങിയ വിഷയങ്ങളാണവ. അവ അപ്രധാനമായതുകൊണ്ടല്ല പ്രത്യുത ഈ നാലു ദിവസങ്ങൾക്കുള്ളിൽ ഇതിലധികം വിഷയങ്ങൾ ചർച്ച ചെയ്ത് നമുക്കു പ്രയോജനകരമായ രീതിയിൽ നിർദ്ദേശങ്ങൾ വയ്ക്കാനാകുമോ എന്ന ഭയംകൊണ്ടാണ് ചർച്ചയ്ക്ക് എടുക്കാതിരുന്നത്. തീർച്ചയായും ഇക്കാര്യത്തിൽ സഭാനേതൃത്വത്തിന്റെ ശ്രദ്ധ പതിയേണ്ടതുതന്നെയാണ്.

നമ്മുടെ വിഷയാവതരണരേഖയിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ കാര്യങ്ങളെക്കുറിച്ചും വളരെ വിശദമായും ആഴത്തിലും ചർച്ച നടന്നുവെന്നുതന്നെയാണ് നിങ്ങളുടെ റിപ്പോർട്ടുകൾ കാണിക്കുന്നത്. നിങ്ങൾ നാമെല്ലാം ഉൾപ്പെടുന്ന ദൈവജനമാകുന്ന സഭയെ സ്നേഹിക്കുന്നുവെന്നും അവളുടെ ദൗത്യത്തെക്കുറിച്ച് പൂർണ്ണ ബോധ്യമുള്ളവരാണെന്നും ഇവയിൽനിന്നും വ്യക്തമാണ്.

ഇത്തരുണത്തിൽ കർത്താവിന്റെ വാക്കുകൾ നമുക്ക് അനുസ്മരിക്കാം. ഞാൻ ലോകാവസാനംവരെ നിങ്ങളോടുകൂടെയുണ്ട്; നിങ്ങൾ ഭയപ്പെടേണ്ട. നമ്മളല്ല കർത്താവാണ് സഭയെ നയിക്കുന്നത്. അപ്പോൾ പിന്നെ, ഈ സഭയെ നമ്മൾ താങ്ങിനിർത്തിയില്ലെങ്കിൽ നശിച്ചുപോകുമെന്ന ഭയമൊന്നും നമുക്കു വേണ്ട. മാത്രമല്ല, കർത്താവാണ് സഭയോടൊപ്പം ലോകാവസാനംവരെയുള്ളത്. നമ്മളല്ല. ഇവിടെ വന്നിരിക്കുന്ന നമ്മിലധികം പേരും ജീവിതത്തിന്റെ വലിയൊരു ഭാഗം പിന്നിട്ടവരാണ്. എന്റെ കാര്യംതന്നെ എടുത്താൽ ഞാനിനി ഒരു ഇരുപത്തിയഞ്ചു കൊല്ലംകൂടി ജീവിക്കുമെന്ന് എനിക്കുറപ്പിക്കാനാകുമോ? അപ്പോൾ പിന്നെ 2000 വർഷങ്ങൾ പിന്നിട്ട, ഇനിയും എത്രയോ ആയിരം വർഷങ്ങൾ പിന്നിടേണ്ടതായ സഭയെ നവീകരിക്കാൻ നമ്മ

www.malankaralibrary.com



ളാലാവത് ആത്മാർത്ഥമായി ചെയ്യുക. ദൈവികവശത്തു സഭ സമ്പൂർണ്ണയാണ്. മാനുഷികവശമാണ് അപൂർണ്ണമായിട്ടുള്ളത്. നവീകരിക്കപ്പെടേണ്ട ഈ മാനുഷികവശത്തെ വെണ്മയുള്ളതാക്കാൻ നമുക്ക് നമ്മാലാവത് ചെയ്യാം. ബാക്കിയുള്ളത് ദൈവത്തിനും ഭാവിതലമുറയ്ക്കും നമുക്കു വിട്ടുകൊടുക്കാം.

ഈ അസംബ്ലിയുടെ സമ്മേളനം ഇവിടെ അവസാനിക്കുകയാണെങ്കിലും ഇതിന്റെ പ്രവർത്തനങ്ങൾ ഇനിയും തുടരുകയും ഇവിടെ പൊന്തിവന്ന ആശയങ്ങളും നിർദ്ദേശങ്ങളുമെല്ലാം പ്രായോഗികതലത്തിൽ എങ്ങനെ നടപ്പാക്കാം എന്ന് നാം ഒത്തൊരുമിച്ച് ചിന്തിക്കുകയും വേണം. ഇക്കാര്യം തന്റെ പ്രസംഗത്തിൽ പ്രൊഫ. കെ.ടി സെബാസ്റ്റ്യൻ സൂചിപ്പിച്ചത് നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ. അതിനുള്ള ദൈവാനുഗ്രഹത്തിനായി നമുക്കു പ്രാർത്ഥിക്കാം. നമ്മുടെ സഭ നവീകൃതയായിട്ട് അടുത്ത സഹസ്രാബ്ദത്തിലേക്ക് പ്രവേശിക്കാൻ ശക്തയാകട്ടെ! നിങ്ങൾക്കെല്ലാവർക്കും ദൈവാനുഗ്രഹം സമൃദ്ധമായുണ്ടാകട്ടെ. ഇത്രയും പറഞ്ഞുകൊണ്ട് സീറോ-മലബാർ സഭയുടെ ഈ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി സമാപിച്ചതായി ഞാൻ പ്രഖ്യാപിക്കുന്നു.

മൗണ്ട് സെന്റ് തോമസ്, മാർ വർക്കി വിതയത്തിൽ
12-11-1998 അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ

www.malankaralibrary.com



# MESSAGE OF THE HOLY FATHER

## To Archbishop Varkey Vithayathil Apostolic Administrator of Ernakulam - Angamaly

As the Syro-Malabar Church celebrates the Seventy-fifth Anniversary of the establishment of the Hierarchy, I greet the Bishops, priests, religious and lay faithful gathered in the Cathedral of Ernakulam to give thanks to God for what this event has meant in the life of the community.

The Syro-Malabar Church, which traces its origins to Saint Thomas the Apostle, has always been aware of the guiding hand of Divine Providence and of the many blessings which God has bestowed upon it in the course of its long and noble history. The establishment of the Syro-Malabar hierarchy in 1923 was a particular moment of grace, when the vitality of your community's Christian life, seen in its many conversions and vocations and its great number of churches, schools and religious institutes, prompted my predecessor Pope Pius XI to establish the Archdiocese of Ernakulam as a Metropolitan See, and the Suffragan Dioceses of Changanacherry, Trichur and Kottayam. Over the past seventy-five years, the Syro-Malabar Church has continued to grow and produce rich fruits in proclaiming the Gospel of salvation and building up the Kingdom of God.

In a special way, this Anniversary provides an opportunity to reflect on the importance of the pastoral office of the Bishop in the Church. As the Second Vatican Council teaches, "the individual Bishops are the visible source and foundation of unity in their own particular Churches" (Lumen Gentium, 23). As members of the Episcopal College, they share in the concern for all the Churches and contribute immensely to the good of the universal Church by faithfully exercising their task of safeguarding and promoting the unity of faith and discipline, by instructing the faithful in love for the whole Mystical Body of Christ, and by their assistance to the poor and sorrowful and to those who are suffering persecution for the sake of justice.

www.malankaralibrary.com



Through fidelity to the rich traditions of your Church and openness to the needs of the times, in accordance with the indications of the Second Vatican Council, the Bishops will continue to shepherd God's people by spreading the faith and making the light of full truth dawn on everyone. Conscious of the great challenges which you face and of the responsibility which is yours, I invite all who rejoice in the name of St. Thomas Christians to cross the threshold of the millennium with enthusiasm to "carry forward the work of Christ himself under the lead of the Holy Spirit, the Paraclete ... to give witness to the truth, to rescue and not to sit in judgement, to serve and not to be served" (*Tertio Millenio Adveniente*, 56).

To you and to all the Bishops, priests, religious and lay faithful of the Syro-Malabar Church, I cordially impart my Apostolic Blessing as a pledge of unity and love in the Lord Jesus Christ.

From the Vatican, 2 December 1998.

Joannes Paulus II

www.malankaralibrary.com



# MESSAGE OF THE CARDINAL PREFECT

CONGREGATIO
PRO ECCLESIIS ORIENTALIBUS
Prot. N. 246/96

19 December 1998

Your Excellency Mar Varkey Vithayathil,
Apostolic Administrator of Ernakulam-Angamaly

The 21st of December 1998 marks the 75th anniversary of the Apostolic Constitution "Romani Pontifices" with which Pope Pius XI raised the Apostolic Vicariate of Ernakulam to the Status of Archdiocese and raised Trichur, Changanacherry and Kottayam to the Status of Dioceses. The recent history of the Syro-Malabar Church throughout this century has shown the wisdom of this provision resulting in the continued growth and constant development of this unique Oriental Church. The strengthening of the ecclesial life of this Church has helped to bring forth the spiritual graces which are so evident today, namely, the large numbers of vocations to the priesthood and religious life, the increasing zeal of Syro-Malabar Missionaries and the present dedication to the teaching and loving instruction of the faith to the young.

It is my fervent hope that the celebration of this anniversary may serve as an occasion of manifold grace for the bishops, priests, religious and faithful of the Syro-Malabar Church in these final months before the Church's celebration of the Holy Year of 2000.

On behalf of His Excellency, Archbishop Miroslav Marusyn, Secretary, and the Officials of the Congregation, I implore the abundance of divine favours and extend my prayers for a blessed Christmas upon the entire Syro-Malabar Church.

With cordial regards and prayerful best wishes , I remain

www.malankaralibrary.com



Yours sincerely in Christ,

Sd/-

Achille Card. Silvestrini, Prefect.

---

His Excellency the Most Reverend
Msgr. Varkey Vithayathil C.Ss.R.
Apostolic Administrator of Ernakulam-Angamaly,
Mount St. Thomas,
P.O. Box. No. 10,
Bharath Matha College
KOCHI 682 021
India.

www.malankaralibrary.com



# ANNUAL REPORT - 1998
# MAJOR ARCHIEPISCOPAL TRIBUNAL

The Syro Malabar Major Archiepiscopal Ordinary Tribunal was erected on 1 September 1994, by late Pontifical Delegate Archbishop Mar Abraham Kattumana. A summary of its activities in the year 1998 is given below.

1. **Tribunal Personnel**: The Ordinary Tribunal has at present 9 judges, 2 defenders of bond who are also substitute promoters of justice, 3 notaries and 18 advocates. In the place of Rev. Sr. Philomena DML who returned to her Congregation, Rev. Sr. Joyce FCC took charge as Notary and Office Secretary on 10-7-1998.

2. **Office** : After the inauguration of the New Major Archiepiscopal Curia Building, the Ordinary Tribunal is functioning in the old Curia building.

3. **Cases:** The Major Archiepiscopal Tribunal, which is competent to deal with first instance cases as per CCEO c. 1063 §4 received no first instance case in 1998. The tribunal receives appeal cases in the second instance, generally from the Metropolitan Tribunals of Ernakulam, Changanacherry, Trichur and Tellicherry. At the beginning of 1998 there were nine cases pending . 44 new cases were introduced in 1998. In the current year 38 cases were given decrees of ratification. Of the four cases processed in ordinary trial, 3 were given negative sentence and one affirmative. 11 cases are pending at the end of 1998.

In the third instance, the Ordinary Tribunal completed 3 cases in the current year. Of these, two were decrees of ratification as per CCEO 1369. One sentence received an affirmative decision.

4. **Course for beginners in Tribunal Ministry** : Under the auspices of the Major Archiepiscopal Tribunal, a course for the beginners in tribunal ministry was held during 8-9 December 1998 at Mount St. Thomas. The main topic was on tribunal procedure. Bishop Oswald Gracias, Secretary General of CBCI, Fr. Andrews Thazhath and Fr. Jose Chiramel gave the lectures. 40 persons from different parts of India participated in the Course.

www.malankaralibrary.com



5. **Annual Conference of Ecclesiastical Tribunal Personnel**: During 9-11 December 1998 the Annual Conference of the Ecclesiastical Tribunal Personnel was conducted at Mount St. Thomas. 49 persons participated in the Conference. Hon.ble Justice Narayanan Nambiar of the High Court of Kerala inaugurated the Conference. His Exc. Mar Kuriakose Kunnacherry presided over the inaugural function. The President Fr. Andrews Thazhath welcomed the participants. Bishop Oswald Gracias, Auxiliary Bishop of Bombay and Secretary General of CBCI gave the key-note address and main lectures based on CCEO canon 818 (CIC c.1095). Other main speakers were Hon.ble Munsiff Joseph Thekkekuruvinal, Dr. George Joseph and Rev. Dr. Antony Kollannur who spoke on 'Current Legal Issues', 'Psychological Implications in Incapacity Cases' and 'Church State Relationship' respectively.

During the Conference a meeting of Canonists and Civil Lawyers were held on 10 December 1998 at the Syro Malabar Major Archiepiscopal Curia. The main theme of discussion was "Conflict between Civil Law and Canon Law, especially in the field of Matrimonial Reliefs". Advocate Sebastian Chambappilly and Adv. Jacob Pulicken presented papers. Bishop Oswald was the moderator. Fr. Andrews Thazhath, the President of the Tribunal and Fr. Jose Chiramel, the Convenor of the Conference, were among the panellists. After long and serious deliberations there was a consensus that the present matrimonial laws of Christians are discriminatory. The matter was discussed especially in the background of the importance of the day which coincided with the Golden Jubilee of the 'International Declaration of Human Rights'. The meeting resolved the following:

1) Steps are to be taken to eliminate the discrimination on the basis of religion and sex in the matrimonial laws applicable in India.

2) The Civil Government of India be prevailed upon to recognise and enforce Canon Law of Catholics as their personal law.

3) The Indian Christian Marriage Act, 1872 and the Indian Divorce Act, 1869 are outdated and obsolete and need thorough revision. Therefore, a comprehensive legislation on matrimonial laws for Christians is urgently required.

www.malankaralibrary.com



4) The meeting called upon the Christian faithful to resolve the disputes regarding matters of religion and internal administration within the framework of the Church.

The members expressed their desire to have occasional meetings of civil lawyers and canonists, especially when important legal issues affecting the Church arises.

During the Conference there was also the Annual General Body Meeting of the Oriental Canon Law Society of India.

The Concluding session was presided over by Mar Varkey Vithayathil, Apostolic Administrator of the Syro Malabar Church. The members briefed the Administrator about the outcome of the Conference. During the discussions and deliberations in the Conference, it was felt that there is a tendency to drag ecclesiastical personnel into civil courts. It was opined that steps are to be taken to keep functioning well all forums in the Church – like Superior Tribunal, Administrative Tribunal, Reconciliation Forums – which are aimed at resolving disputes arising from matters of religion and internal administration. There was also a suggestion to start a periodical under the auspices of the Major Archiepiscopal Tribunal publishing canonical and jurisprudential matters which are useful for the ecclesiastical tribunal personnel. The Administrator thanked all the organizers and participants for their interest and dedication for the better administration of justice in the Church.

Fr. Andrews Thazhath<br>
President

www.malankaralibrary.com



# STATEMENT OF FINANCE OFFICE

Here below we are publishing the Statement of Accounts of the Syro-Malabar Major Archiepiscopal Curia, for the financial year from April 1, 1997 to March 31, 1998.

The Accounts were audited by the internal auditors Rev. Fr. Lawrence Olakkengal, Trichur and Mr. M.C George Mundackal, Angamaly and by the Chartered Accountants M/s P.V Chacko & Co. M.G. Road, Cochin - 35.

The Financial Council of the Curia passed the accounts and submitted to the Permanent Synod, which approved them on 21-8- 1998. The accounts were then presented to the Synod of Bishops on 13-11-1998 for their observations, together with the Financial report on the Administration of finance and present financial position of the Curia.

Sd/-
Fr. Mathew Madathikunnel
Finance Officer

Mount St. Thomas,
25-11-1998

www.malankaralibrary.com



## Major Archiepiscopal Curia of The Syro-Malabar Church, Ernakulam-Angamaly
## Mount St. Thomas, Cochin - 682 021

### STATEMENT OF ACCOUNTS FOR THE YEAR ENDED 31ST OF MARCH, 1998

| LF. | PARTICULARS | RECEIPTS Rs Ps | PAYMENTS Rs Ps |
|---|---|---|---|
| I. | **OPENING BALANCES:-** | | |
| | Cash in hand | 199.00 | |
| | Current Account with SIB | 667.00 | |
| | SB Accounts with Banks | 2,24,673.63 | |
| | Fixed Deposits at Banks | 63,52,287.00 | |
| II. | **ADMINISTRATIVE RECEIPTS & PAYMENTS:** | | |
| 41. | Interest received | 4,62,411.56 | |
| 38. | Sale of Softwood | 12,550.00 | |
| 145. | Sale of old things | 939.00 | |

www.malankaralibrary.com



| | | | |
|---|---|---|---|
| - | Synodal News Income & Expenses | 33,053.00 | 15,879.84 |
| - | Tribunal Income & Expenses | 45,879.00 | 52,413.65 |
| 95. | Food Expenses | | 99,239.00 |
| 98. | Salary and Allowances | | 1,08,497.00 |
| 101. | Postage | | 8,630.00 |
| 102. | Telephone charges | | 59,946.00 |
| 107. | Vehicles Fuel charges | | 37,375.00 |
| 107. | Vehicles Repair and Maintenance | | 55,602.00 |
| 110. | Repair and Maintenance of Building & Equipments | | 74,832.50 |
| 112. | Light and Water charges | | 31,189.00 |
| 116. | House Stationery & Domestic Articles | | 10,725.00 |
| 119. | Printing & Office Stationery | | 18,854.00 |
| 120. | Expenses for Synodal and Other Meetings | | 90,874.00 |
| 123. | Chapel Running | | 2,512.00 |
| 124. | Washing charges | | 2,043.00 |

www.malankaralibrary.com



| | PARTICULARS | RECEIPTS Rs Ps | PAYMENTS Rs Ps |
|---|---|---|---|
| 125. | Expenses for Circular "You can do it" | | 35,834.00 |
| 127. | Cooly and Wages | | 11,730.00 |
| 129. | Garden Maintenance | | 9,114.00 |
| 131. | Medicine | | 4,802.00 |
| 132. | Subscriptions to Periodicals | | 3,799.00 |
| 136. | Audit fees | | 15,000.00 |
| 137. | Internal Audit Expenses | | 180.00 |
| 138. | Legal Expenses | | 500.00 |
| 139. | Advertisement Charges | | 9,750.00 |
| 140. | Generator Running Expenses | | 11,972.00 |
| 145. | Miscellaneous Expenses | | 403.00 |
| 143. | Travelling Expenses of Ap. Administrator | | 2,01,661.00 |
| 147. | Bank Charges | | 707.50 |

www.malankaralibrary.com



| | | | |
|---|---|---|---|
| **III.** | **DONATION & CONTRIBUTIONS:** | | |
| 27. | Contribution from Dioceses for Running Expenses | 5,42,000.00 | |
| 143. | Donation received for Travelling Expenses of Ap. Administrator | 1,80,570.00 | |
| 39. | Syro-Malabar Mission Sunday Collection fo 1996 Disbursed to Mission Dioceses | | 70,245.00 |
| 89. | Gift, Donation and Charity | | 10,171.00 |
| **IV.** | **AGRICULTURE & POULTRY:** | | |
| 82. | Agriculture | 38,856.00 | 48,714.00 |
| 87. | Poultry | 4,006.00 | 4,997.00 |
| 88. | Subsidy for Rubber Plantation | 9,686.00 | |
| **V.** | **CAPITAL RECEIPTS:** | | |
| | Corpus Contribution received for Curia Building Construction from: | | |
| 7. | Dioceses 2nd Contribution | 24,75,000.00 | |
| 2. | Dioceses for Bishops' Residence | 4,30,000.00 | |
| 8. | Diocesan Priests | 9,648.00 | |

| | PARTICULARS | RECEIPTS Rs Ps | PAYMENTS Rs Ps |
|---|---|---|---|
| 10. | 1% Share of Income from Parishes | 1,16,094.55 | |
| 12. | Faithful in India through Dioceses | 4,14,210.45 | |
| 16. | Religioius Men Congregations | 11,000.00 | |
| 18. | Religious Women Congregations | 1,10,250.00 | |
| 30. | Faithful—"You Can do it" scheme in and outside India | 9,24,714.00 | |
| 22. | Foreign Agencies | 32,06,534.00 | |
| 141. | Corpus Donation received for Purchase of two Computers | 1,80,260.00 | |
| VI. | FIXED ASSETS: | | |
| | Curia Building Construction: | | |
| 157. | Paid to the Contractor | | 76,00,000.00 |
| 153. | Building Materials | | 33,05,919.00 |
| 168. | Electrical Equipments | | 2,66,798.00 |
| 158. | Allowance to the Site Engineer | | 36,000.00 |

www.malankaralibrary.com

| | | | |
|---|---|---|---|
| 164. | Furnishing Materials | | 91,358.00 |
| 165. | Kitchen Utensils | | 15,809.00 |
| 111. | Electricity—New Connections—<br>KSEB Transformer Installation etc) | | 2,32,343.00 |
| 141. | Machinery—two Computers & other equipments | | 1,51,600.00 |
| 88. | Land Development and Rubber Cultivations | | 1,48,610:00 |
| 99. | Furniture | | 3,97,440.00 |
| 166. | Chapel Articles | | 36,000.00 |
| 133. | Library Books—General | | 1,277.00 |
| 148. | Library Books—Tribunal | | 31,665.00 |
| **VII.** | **CURRENT ASSETS AND LIABILITIES:** | | |
| 149. | Donation received from 'Missio' for Tribunal Seminar Expenses | 1,72,000.00 | 37,662.25 |
| 76. | Mass obligation fulfilled | | 97,668.00 |
| - | Major Achiepiscopal Tribunal (Cash & Bank Balances) | 7,551.00 | 8,354.10 |
| - | Synodal News (Cash & Bank Balances) | 2,680.00 | 19,853.16 |
| 155. | Income Tax Deducted from Contractor and Remitted | 1,52,000.00 | 1,52,000.00 |

www.malankaralibrary.com

| | | | |
|---|---|---|---|
| **VIII.** | **CLOSING BALANCES:** | | |
| | Fixed Deposits at Banks | | 21,02,958.00 |
| | S.B. Accounts with Banks | | 2,68,403.19 |
| | Current Account with SIB | | 617.00 |
| | Cash in hand | | 9,193.00 |
| | **TOTAL:** | 1,61,19,719.19 | 1,61,19,719.19 |

**AUDITORS' REPORT**

Verified with the books of accounts produced before us and found correct according to the explanations given to us.

For P.V Chacko & Co.
Chartered Accountants

Ernakulam

Sd/-

30-5-1998

C.J Romid FCA
Partner

www.malankaralibrary.com

www.malankaralibrary.com



# NEWS

## Called to Eternal Rest

Mar Joseph Kundukulam, retired Archbishop of the eparchy of Trichur, died of a heart attack at Wampa in Kenya on 26th April 1998 during his visit to the missions in Africa. His mortal remains were laid to rest in Lourdes Cathedral Church at Trichur in the presence of many bishops, priests, religious and laity.

## New Bishop to Ujjain

His Holiness Pope John Paul II accepted the resignation of Mar John Perumattam and has appointed Rev. Fr. Sebastian Vadakel, former Director General of the Missionary Society of St. Thomas the Apostle, as the bishop of Ujjain. He was consecrated bishop on September 8, 1998 at Holy Trinity Cathedral Church, Ujjain.

## Jubilee Celebrations

Platinum Jubilee of the establishment of the Syro Malabar Hierarchy was celebrated at 3:30 p.m on December 21, 1998 at St. Mary's Cathedral Basilica, Ernakulam. Celebrations began with the lighting of the lamp by Mar Antony Cardinal Padiyara, the retired Major Archbishop of the Syro Malabar Church. Jubilee Messages of the Holy Father and of the Prefect of the Congregation for the Oriental Churches were read out and it was followed by the Holy Qurbana. Mar Varkey Vithayathil, the Apostolic Administrator of the Syro Malabar Church of Ernakulam-Angamaly was the main celebrant of the Holy Qurbana. Four Archbishops, 9 bishops and about 120 priests (including the religious) and about thousand and five hundred lay representatives participated in the Holy Qurbana.

## Auxiliary to the Eparchy of Kottayam

His Holiness Pope John Paul II has appointed Rev. Fr. Mathew Moolakkatt as auxiliary to the Eparchy of Kottayam and he was consecrated bishop by the Holy Father himself on January 6, 1999 at St. Peter's Basilica in Rome.

www.malankaralibrary.com


# SYNODAL NEWS

BULLETIN OF THE SYRO-MALABAR MAJOR ARCHIEPISCOPAL CHURCH

No. 12 December 1998


## INFORMATION FOR SUBSCRIBERS

The present subscription rate of Synodal News is Rs.50 per annum (Overseas US$15.00)

In case you want to contact us for any reason please quote your subscription number.

Please pay the subscription by D.D. or Money Order. On technical reasons we don't accept cheques. Normally two numbers of Synodal News are published in a year.

Back issues of SYNODAL NEWS (except no.3) are available.

Acts of the Major Archiepiscopal Assembly will be published in March 1999 and copies of the same will be available from the office.

For further information please write to:

Editor
SYNODAL NEWS
Mount St. Thomas
Thrikkakara P.O.
Kochi 682 021, India


Published by the Syro-Malabar Major Archieipiscopal Curia
Mount St. Thomas, PB No. 10, Kochi 682 021, India
and printed at Alwaye Press, Aluva -683 101